2024 SEPTEMBER
14
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കണ്ടെയ്നർ ഭീമൻ എംഎസ്‌സി ക്ലോഡ് ഗ്രാർഡെറ്റ് വിഴിഞ്ഞത്ത്; വലുപ്പത്തിൽ ലോകത്തെ നാലാമൻ



**തിരുവനന്തപുരം:** രാജ്യാന്തര തുറമുഖത്തെ ബെർത്ത് കയ്യടക്കി ചരിത്രം കുറിക്കാൻ കണ്ടെയ്നർ ഭീമൻ എംഎസ്‌സി ക്ലോഡ് ഗ്രാർഡെറ്റ് വിഴിഞ്ഞത്ത് എത്തി. വെള്ളിയാഴ്ച ഉച്ചയ്ക്ക് രണ്ടരയ്ക്കു ശേഷമാണ് കപ്പൽ ബെർത്ത് ചെയ്തത്. രാജ്യത്തുതന്നെ ഇതുവരെ അടുത്തതിൽ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലെന്ന നിലയ്ക്കാണ് എംഎസ്‌സി ക്ലോഡ് ഗ്രാർഡെറ്റ് ചരിത്രം കുറിക്കുക. വലുപ്പത്തിൽ ലോകത്തെ നാലാമനാണ് വിഴിഞ്ഞത്ത് എത്തിയിരിക്കുന്നത്. തെക്കൻ ഏഷ്യൻ രാജ്യങ്ങളിൽ തന്നെ ആദ്യമായാണ് ഇത്രയും വലുപ്പമേറിയ കപ്പൽ അടുക്കുന്നതെന്നതും പ്രത്യേകതയാണ്.

24,116 ടിഇയു കണ്ടെയ്നർ ശേഷിയുള്ള ക്ലോഡ് ഗ്രാർഡെറ്റിന് 399 മീറ്ററാണ് നീളം. വീതി 61.5 മീറ്റർ. വിഴിഞ്ഞത്ത് 366 മീറ്റർ നീളവും 51 മീറ്റർ വീതിയുമുള്ള കപ്പലുകളാണ് ഇതുവരെ അടുത്തതിൽ വലുപ്പമേറിയത്. ആഴത്തിന്റെ (ഡ്രാഫ്റ്റ്) കാര്യത്തിലും ക്ലോഡ് ഗാർഡെറ്റ് തന്നെയാണ് മുന്നിൽ,16.7 മീറ്റർ. വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് ആദ്യഘട്ടത്തിലെ 800 മീറ്റർ ഏകദേശം പൂർത്തിയായി. ഇതിന്റെ പകുതി ഭാഗവും ക്ലോഡ് ഗ്രാർഡെറ്റ് കയ്യടക്കും. ക്ലോഡ് ഗാർഡെറ്റ് വിഴിഞ്ഞത്ത് തങ്ങുക ഏതാനും മണിക്കൂറുകൾ മാത്രമാകും. ഏതാനും കണ്ടെയ്നറുകൾ ഇറക്കുന്നതു കൂടാതെ ഇവയുടെ പുനഃക്രമീകരണം കഴിഞ്ഞു വൈകിട്ടോടെ യാത്രയാവും. രാജ്യാന്തര തുറമുഖത്ത് മറൈൻ കൺട്രോൾ റൂം സജ്ജമായി. പ്രവേശന ഭാഗം കഴിഞ്ഞുള്ള ബ്രേക്വാട്ടറിനു (പുലിമുട്ട്) മുകളിലായാണ് ലൈറ്റ് ഹൗസ് ടവറിനു സമാനമായ കൺട്രോൾ റൂം സംവിധാനം. ഇതിനോടനുബന്ധിച്ച സിഗ്നൽ ടവർ ബ്രേക്വാട്ടർ വളയുന്ന ഭാഗത്തും സജ്ജമാക്കിയിട്ടുണ്ട്. വെസൽ ട്രാക്കിങ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ(വിടിഎംഎസ്) ഭാഗമായാണ് കൺട്രോൾ റൂം എന്നു തുറമുഖ അധികൃതർ അറിയിച്ചു. തുറമുഖ പരിധിക്കുള്ളിലും സമീപത്തുമായി വന്നുപോകുന്ന കപ്പലുകളുൾപ്പെടെയുള്ള യാനങ്ങളുടെ നിരീക്ഷണമാണ് ലക്ഷ്യം.

# മിഷൻ മൗസം: കാലാവസ്ഥ നിരീക്ഷണം സ്മാർട്ടാകും




**ന്യൂഡൽഹി :** രണ്ട് വർഷത്തേയ്ക്ക് 2,000 കോടിരൂപ ബജറ്റ് വിഹിതമുള്ള 'മിഷൻ മൗസം' കേന്ദ്ര മന്ത്രി സഭായോഗം അംഗീകരിച്ചു. ഇന്ത്യയെ 'ദിനാവസ്ഥാ സജ്ജവും ' 'കാലാവസ്ഥാ സ്മാർട്ടും' ആക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ദൗത്യം. രാജ്യത്തിന്റെ ദിനാന്തരീക്ഷ സ്ഥിതിയുടെയും കാലാവസ്ഥയുടേയും നിരീക്ഷണം , മനസ്സിലാക്കൽ, മോഡലിംഗ്, പ്രവചനം എന്നിവ സംബന്ധിച്ച സേവനങ്ങൾ മികച്ചതും കൂടുതൽ ഉപയോഗപ്രദവും കൃത്യവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനാണ് ഈ ദൗത്യം ശ്രമിക്കുന്നത്.കാലാവസ്ഥാ വ്യതിയാനത്തിന്റെയും തീവ്ര കാലാവസ്ഥാ സംഭവങ്ങളുടെയും ആഘാതം ലഘൂകരിക്കാനും സമൂഹങ്ങളുടെ പുനരുജീവനശേഷി ശക്തിപ്പെടുത്താനും മിഷൻ മൗസം ലക്ഷ്യമിടുന്നു.

നിലവിൽ മിഷൻ മൗസം 2024 26 കാലയളവിലാണ് നടപ്പാക്കുന്നത്.നൂതനവും മികച്ചതുമായ കാലാവസ്ഥ നിരീക്ഷണ സാങ്കേതികവിദ്യകളും സംവിധാനങ്ങളും വികസിപ്പിക്കുക,സമയവും സ്ഥലവും അടിസ്ഥാനമാക്കിയുള്ള മെച്ചപ്പെട്ട സാമ്പിൾ/കവറേജ് ഉപയോഗിച്ച് ഉയർന്ന റെസല്യൂഷനുള്ള അന്തരീക്ഷ നിരീക്ഷണങ്ങൾ നടത്തുക,അടുത്ത തലമുറ റഡാറുകളും വിപുലമായ ഉപകരണ പേലോഡുകളുള്ള ഉപഗ്രഹങ്ങളും തയ്യാറാക്കുക,ഹൈപെർഫോമൻസ് കമ്പ്യൂട്ടറുകൾ തയ്യാറാക്കുക,കാലാവസ്ഥ, ദിനാവസ്ഥ പ്രക്രിയകൾ, പ്രവചന ശേഷികൾ എന്നിവയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുക,മെച്ചപ്പെട്ട എർത്ത് സിസ്റ്റം മോഡലുകളും ഡാറ്റാധിഷ്ഠിത രീതികളും വികസിപ്പിക്കുക,കാലാവസ്ഥാ മാനേജ്മെന്റിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിക്കുകഅവസാന ലക്ഷ്യ കേന്ദ്രത്തിലേക്കും എത്തുന്നതിനായി അത്യാധുനിക വ്യാപന സംവിധാനം വികസിപ്പിക്കുക,വിഭവശേഷി നിർമ്മാണം എന്നിവ നിർദിഷ്ട 'മിഷൻ മൗസം' ന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു

## സ്വിറ്റ്സർലൻഡിൽ 5 ബാങ്ക് അക്കൗണ്ടിലായി 2,600 കോടിയെന്ന് ഹിൻഡൻബർഗ്; നിഷേധിച്ച് അദാനി ഗ്രൂപ്പ്

**മുംബൈ:** വീണ്ടും പുതിയ തട്ടിപ്പ് ആരോപണവുമായി ഹിൻഡൻബർഗ്. ഹിൻഡൻബർഗിന്റെ പുതിയ ആരോപണത്തെ തള്ളി അദാനി ഗ്രൂപ്പ്. കള്ളപ്പണ ഇടപാട് സംബന്ധിച്ച അന്വേഷണത്തിന്റെ ഭാഗമായി സ്വിറ്റ്സർലൻഡിൽ അദാനി ഗ്രൂപ്പുമായി ബന്ധപ്പെട്ട 5 ബാങ്ക് അക്കൗണ്ടുകളിലായുള്ള 31 കോടി ഡോളറിന്റെ (ഏകദേശം 2,600 കോടി രൂപ) നിക്ഷേപം സ്വിസ് അന്വേഷണ ഏജൻസികൾ മരവിപ്പിച്ചു എന്നാണ് ഹിൻഡൻബർഗ് പുറത്തുവിട്ട പുതിയ ആരോപണം. തികച്ചും അവാസ്തവവും അസംബന്ധവും അന്യായവുമായ ആരോപണമാണിതെന്നു പ്രതികരിച്ച് അദാനി ഗ്രൂപ്പും രംഗത്തെത്തി.

ഗ്രൂപ്പിന്റെ പ്രതിഛായ കളങ്കപ്പെടുത്താനുള്ള ഹിൻഡൻബർഗിന്റെ മറ്റൊരു ശ്രമം മാത്രമാണിതെന്നും വാർത്താക്കുറിപ്പിലൂടെ അദാനി ഗ്രൂപ്പ് പ്രതികരിച്ചു. നികുതിഭാരമില്ലാത്ത രാജ്യങ്ങളായ ബ്രിട്ടിഷ് വിർജിൻ ഐലൻഡ്സ്, മൗറീഷ്യസ്, ബർമുഡ എന്നിവിടങ്ങളിലെ ചില കടലാസ് കമ്പനികളുമായി ബന്ധപ്പെട്ട നിക്ഷേപമാണു മരവിപ്പിച്ചതെന്നും ഈ കമ്പനികൾക്ക് അദാനി ഗ്രൂപ്പ് ഓഹരികളിൽ നിക്ഷേപമുണ്ടെന്നും സ്വിറ്റ്സർലൻഡിലെ ക്രിമിനൽ കോടതിയുടെ രേഖകൾ വ്യക്തമാക്കുന്നുണ്ടെന്ന് ഹിൻഡൻബർഗ് പറയുന്നു.



2021 മുതൽ സ്വിറ്റ്സർലൻഡിലെ ജനീവ പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫിസ് ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തുന്നുണ്ടെന്നും സമൂഹമാധ്യമമായ എക്സിൽ ഹിൻഡൻബർഗ് വ്യക്തമാക്കി. സ്വിസ് ഓൺലൈൻ മാധ്യമമായ ഗോഥം സിറ്റിയാണ് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തുവിട്ടതെന്നും ഹിൻഡൻബർഗ് പറഞ്ഞു.

ആരോപണങ്ങൾ നിഷേധിച്ച അദാനി ഗ്രൂപ്പ്, സ്വിറ്റ്സർലൻഡിലെ അന്വേഷണത്തിലോ സ്വിസ് കോടതികളിൽ ഇതു സംബന്ധിച്ചു നടക്കുന്ന വ്യവഹാരങ്ങളിലോ ഗ്രൂപ്പിന് ഒരു ബന്ധവുമില്ലെന്നും വ്യക്തമാക്കി. സ്വിസ് കോടതിയുടെ ഒരു ഉത്തരവിലും അദാനി ഗ്രൂപ്പ് കമ്പനികളുടെ പേര് പരമാർശിച്ചിട്ടില്ല. അന്വേഷണ ഏജൻസികളും ഗ്രൂപ്പിനെ ബന്ധപ്പെട്ടിട്ടില്ല. ഹിൻഡൻബർഗിന്റെ ആരോപണങ്ങളെല്ലാം സാമാന്യയുക്തിക്ക് നിരക്കാത്തതാണെന്നും അദാനി ഗ്രൂപ്പ് പ്രതികരിച്ചു.

ഇക്കാര്യം അന്വേഷിക്കേണ്ട ഓഹരി വിപണിയുടെ നിയന്ത്രണ ഏജൻസിയായ സെബിയുടെ മേധാവി മാധബി പുരി ബുച്ചിനും ഭർത്താവ് ധവാൽ ബുച്ചിനും വിദേശ കമ്പനികൾ വഴി അദാനി ഗ്രൂപ്പ് ഓഹരികളിൽ നിക്ഷേപമുണ്ടെന്നും അദാനിക്കെതിരെ അന്വേഷണത്തിന് സെബി മടിക്കുന്നതിന്റെ കാരണം ഇതാണെന്നും ആരോപിച്ച് അടുത്തിടെയും ഹിൻഡൻബർഗ് രംഗത്തെത്തിയിരുന്നു. അദാനിക്കും സെബിക്കും എതിരായ ആരോപണങ്ങൾ രാജ്യത്ത് കോൺഗ്രസ് ഏറ്റെടുത്തിട്ടുണ്ട്.



# എന്റെ ഭൂമി ഇന്റഗ്രേറ്റഡ് പോർട്ടൽ ഒക്ടോബർ മാസത്തിൽ നടപ്പാക്കും : മന്ത്രി കെ. രാജൻ

**കൊച്ചി:** രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ, റവന്യൂ വകുപ്പിന്റെ റെലിസ്, സർവേ വകുപ്പിന്റെ ഇ മാപ്പ് എന്നീ പോർട്ടലുകൾ സംയോജിപ്പിച്ച് ഇന്ത്യയിൽ ആദ്യമായി എന്റെ ഭൂമി എന്ന ഇന്റഗ്രേറ്റഡ് പോർട്ടൽ ഒക്ടോബർ മാസം കേരളത്തിൽ നടപ്പാക്കുമെന്ന് മന്ത്രി കെ. രാജൻ. കളമശേരി മുനിസിപ്പിൽ ടൗൺഹാളിൽ പട്ടയമേളയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയ9 അടുത്ത മാസം പോർട്ടലിന്റെ ഉദ്ഘാടനം നിർവഹിക്കുമെന്നും മന്ത്രി അറിയിച്ചു.

ഭൂമിയുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങളിലുണ്ടാകുന്ന തെറ്റിദ്ധാരണകൾ, തട്ടിപ്പുകൾ എന്നിവ ഒഴിവാക്കുന്നതിന് ഇന്റഗ്രേറ്റഡ് പോർട്ടൽ വഴി സാധിക്കും. രജിസ്ട്രേഷൻ സമയത്ത് തന്നെ ഭൂമിയുടെ പോക്കുവരവിന്റെ സാധ്യതകളും ലൊക്കേഷൻ സ്കെച്ചും രജിസ്റ്റർ ചെയ്യുന്നവർക്ക് തിരിച്ചറിയാൻ കഴിയുന്ന സംവിധാനത്തിലൂടെ രജിസ്ട്രേഷൻ ഒരു കരാർ മാത്രമല്ല റവന്യൂ, സർവേ വകുപ്പുകളെ കൂടി കൂട്ടിയോജിപ്പിച്ചു കൊണ്ടുള്ള പ്രക്രിയയാക്കി മാറ്റുകയാണ് റവന്യൂ വകുപ്പ്. ഇന്ത്യക്ക് പുറത്തുള്ള പത്ത് രാജ്യങ്ങളിൽ താമസിക്കുന്ന പ്രവാസികളായ മലയാളികൾക്ക് കേരളത്തിലുള്ള ഭൂമിക്ക് ഓൺലൈനായി കരം അടയ്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് ഇ ബാങ്കിംഗിന്റെയും ഇ ട്രഷറിയുടെയും സൗകര്യം ഉപയോഗിച്ച് സമ്പൂർണമായി റവന്യൂ വകുപ്പിനെ ഡിജിറ്റലാക്കുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുകയാണ്.

ഫ്ളാറ്റുകളിൽ താമസിക്കുന്നവരുടെ ഭൂമിക്ക് ആനുപാതികമായി കരം അടയ്ക്കാൻ കഴിയണമെന്ന ആവശ്യം നിലനിൽക്കുകയാണ്. ഫ്ളാറ്റ് സമുച്ചയത്തിലെ ഫ്ളാറ്റ് ഉടമകൾക്ക് ഫ്ളാറ്റിന്റെ ഉടമസ്ഥതാവകാശം ലഭിക്കുമെങ്കിലും തണ്ടപ്പേർ ലഭിക്കില്ല. ഇ സാഹചര്യത്തിൽ അൺ ഡിവൈഡഡ് ഷെയർ എന്ന ആശയം മുന്നോട്ടു വെച്ചു കൊണ്ട് ഫ്ളാറ്റിന്റെ സ്ക്വയർ ഫീറ്റിനു തുല്യമായ ഭൂമിയ്ക്ക് അവകാശം ലഭിക്കുന്ന വിധത്തിൽ തണ്ടപ്പേർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

കടൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നു. ഏറ്റവും വലിയ വേലിയേറ്റ പോയിന്റി നിന്ന് 100 മീറ്റർ പരിധിയിൽ ഉൾപ്പെടാത്തവർക്ക് ഭൂമി പതിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു. പട്ടയമിഷൻ രൂപീകരിച്ചുള്ള ചിട്ടയായ പ്രവർത്തനം, പട്ടയ അസംബ്ലികൾ, പട്ടയ ഡാഷ് ബോ4ഡുകൾ എന്നിവ വഴി പട്ടയ വിതരണത്തിൽ സർക്കാർ പുതു ചരിത്രം കുറിക്കുകയാണ്. കഴിഞ്ഞ സർക്കാർ 177011 പട്ടയങ്ങൾ വിതരണം ചെയ്തു. ഈ സർക്കാർ മൂന്നു വർഷം കൊണ്ട് 180887 പട്ടയങ്ങൾ വിതരണം ചെയ്തു. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന മുദ്രാവാക്യത്തോടെ സാധാരണക്കാർക്ക് പട്ടയം നൽകാനുള്ള പ്രവ4ത്തനങ്ങളിൽ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചുവെന്നും മന്ത്രി പറഞ്ഞു.

പട്ടയവിതരണത്തിൽ റെക്കോഡ് നേട്ടമാണ് റവന്യൂ വകുപ്പ് കൈവരിച്ചിരിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി പി. രാജീവ് പറഞ്ഞു.

എം.എൽ.എ മാരായ ടി.ജെ. വിനോദ്, അൻവർ സാദത്ത്, പി.വി. ശ്രീനിജിൻ, ആന്റണി ജോൺ, കെ.എൻ. ഉണ്ണികൃഷ്ണൻ, കെ.ജെ. മാക്സി, കളമശേരി നഗരസഭാധ്യക്ഷ സീമ കണ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ, ലാന്റ് റവന്യൂ കമ്മീഷണർ ഡോ.എ. കൗശികൻ, ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ കെ.എം. ദിനകരൻ, ടോമി ജോസഫ്, പൗലോസ് മുടക്കന്തല തുടങ്ങിയവർ പങ്കെടുത്തു.

# വ്യവസായരംഗത്ത് കേരളം മുന്നേറ്റത്തിൽ; മുഖ്യമന്ത്രി പിണറായി വിജയൻ

**കൊച്ചി:** വ്യവസായത്തിനു പറ്റിയ സ്ഥലമല്ല കേരളം എന്ന തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണത്തെ തള്ളുന്നതാണ് ദേശീയതലത്തിൽ സംസ്ഥാനത്തിനു അടുത്തിടെ ലഭിച്ച ഒന്നാംനമ്പർ പദവി എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കാക്കനാട് കിൻഫ്ര പാർക്കിൽ ആരംഭിച്ച അഗപ്പെ ഡയഗ്നോക്സ്റ്റിക്സ് കമ്പനിയുടെ രണ്ടാമത്തെ മെഡിക്കൽ ഉപകരണ നിർമാണ യൂണിറ്റിന്റെ ഉദ്ഘാടനം എറണാകുളം ലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ മാത്രമല്ല രാജ്യത്തിനും ലോകത്തിനും മുതൽക്കൂട്ടാകുന്ന വ്യവസായങ്ങൾ ഇപ്പോൾ കേരളത്തിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. രോഗപ്രതിരോധം കൂടാതെ ചികിത്സാ രംഗത്തും കേരളം അഭൂതപൂർവ നേട്ടം ഇത്തരം കമ്പനികളിലൂടെ കൈവരിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ വ്യവസായ മുന്നേറ്റത്തിന്റെ ഉദാഹരണം കൂടിയാണ് പുത്തൻ കമ്പനികളുടെ രംഗപ്രവേശം. കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് നമ്മുടെ കമ്പനികൾ കൈവരിച്ചിരിക്കുന്നത്. മൊത്തം ജീവനക്കാരിൽ പത്തു ശതമാനം പേരെ നിയോഗിച്ചുകൊണ്ട് വരുമാനത്തിന്റെ ആറു ശതമാനം ഗവേഷണത്തിനായി നീക്കിവച്ചിരിക്കുന്ന അഗപ്പെ പോലെയുള്ള കമ്പനികൾ വ്യവസായ രംഗത്തിനു മാതൃകയാണ്. കോവിഡ് കാലത്ത് പോലും ഉപകരണങ്ങൾ തദ്ദേശീയമായി വികസിപ്പിച്ചെടുക്കാൻ നമ്മുടെ ആരോഗ്യമേഖലയ്ക്ക് കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു.

യോഗത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് മുഖ്യപ്രഭാഷണം നടത്തി. ബെന്നി ബഹന്നാൻ എംപി, പി വി. ശ്രീനിജിൻ എം എൽ എ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി എസ് ഹരികിഷോർ, സി എൻ മോഹനൻ, ജപ്പാൻ കമ്പനി ഫുജിറെബിയോ പ്രതിനിധികൾ, കമ്പനി എംഡി തോമസ് ജോൺ, ചെയർമാൻ ജോസഫ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

ന്യൂറോളജി, ഹൃദയം, കാൻസർ, ശ്വാസകോശ രോഗങ്ങളുടെ നിർണയത്തിനു സഹായകരമായ ഏറ്റവും പുതിയ ക്ലിയ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതും മേക്ക് ഇൻ ഇന്ത്യ പദ്ധതിയിൽ നിർമിക്കുന്നതുമായ ഉപകരണങ്ങളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

# ഓണാഘോഷം: ടൂറിസ്റ്റ് ബോട്ടുകളിൽ പരിശോധന കർശനമാക്കി

**കൊച്ചി:** ഓണാവധി പ്രമാണിച്ച് ഹൗസ് ബോട്ടുകളടക്കമുള്ള ടൂറിസ്റ്റ് ബോട്ടുകളിൽ കുട്ടികൾ അടക്കമുള്ള വിനോദസഞ്ചാരികൾ കൂടുതലായി എത്തുമെന്നതിനാൽ കേരളാ മാരീടൈം ബോർഡ് പരിശോധനകൾ കൂടുതൽ ശക്തമാക്കി. ടൂറിസ്റ്റ് ബോട്ടുകളിൽ ആവശ്യമായ ലൈഫ് സേവിങ് ഉപകരണങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും അനുവദനീയമായ ആളുകൾ മാത്രമേ കയറുന്നുള്ളൂവെന്നും ഉറപ്പാക്കേണ്ടത് ബോട്ടുടമയുടെയും ബോട്ട് ഡ്രൈവറുടെയും കടമയാണ്. നിയമപ്രകാരം യാത്രക്കാർ ലൈഫ് സേവിങ് ജാക്കറ്റ് ധരിക്കേണ്ട യാനങ്ങളിൽ അതുറപ്പാക്കേണ്ടത് ബോട്ട് ഡ്രൈവറുടെ കടമയാണ്. രജിസ്ട്രേഷൻ/ സർവെ ഇല്ലാതെ സർവീസ് നടത്തിയാൽ അവ പിടിച്ചെടുത്ത് നശിപ്പിക്കുന്ന നടപടികൾ അടക്കമുള്ള കർശന നടപടികൾ സ്വീകരിക്കും. അംഗീകൃത ലൈസൻസ് ഇല്ലാതെ ബോട്ടുകൾ ഓടിച്ചാൽ ഓടിക്കുന്ന ആൾക്കും ബോട്ട് ഉടമയ്ക്കും എതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും. വിനോദ സഞ്ചാരത്തിനായി വരുന്ന യാത്രക്കാർ യാത്ര ചെയ്യുന്ന യാനം അംഗീകൃതമാണോയെന്ന് യാനത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് നോക്കി മനസ്സിലാക്കേണ്ടതാണ്.



# ആലുവ സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ പായസം ചാലഞ്ച് ജോസ് മാവേലി ഉദ്ഘാടനം ചെയ്തു

**ആലുവ:** സെന്റ് ഫ്രാൻസിസ് ഹൈസ്കൂളിൽ സംഘടിപ്പിച്ച പായസം ചാലഞ്ച് ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ചാണ് പായസം ചാലഞ്ച് സംഘടിപ്പിച്ചത്.

സ്കൂളിന്റെ സ്പോർട്സ് ഗ്രൗണ്ട് നിർമ്മാണ ഫണ്ടിലേക്ക് ധനസമാഹരണം നടത്തുന്നതിനു വേണ്ടിയാണ് പായസം ചാലഞ്ച് സംഘടിപ്പിച്ചത്. പി.റ്റി.എ. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പാലട പായസത്തിന്റെ ആദ്യ പായ്ക്കറ്റ് പ്രസിഡൻറ് റ്റി.എ. രാജീവ് ചന്ദ്രൻ, സ്കൂൾ ഹെഡ്മിസ്ട്രസ് സി. ദിവ്യ സി.റ്റി.സി. എന്നിവരിൽ നിന്ന് ജോസ് മാവേലി സ്വീകരിച്ചാണ് പായസ ചാലഞ്ച് ഉദ്ഘാടനം ചെയ്തത്.

ആയിരം പായസ പാക്കറ്റുകൾ ആണ് തയ്യാറാക്കിയത്. പായസം ചാലഞ്ച് വഴി കിട്ടുന്ന തുക കൊണ്ട് സ്കൂളിലെ കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു എന്നറിഞ്ഞതിൽ തനിക്ക് അത്യധികം സന്തോഷമുണ്ടെന്ന് ജോസ് മാവേലി പറഞ്ഞു. പായസ നിർമ്മാണത്തിന് ആവശ്യമായ 500 ലിറ്റർ പാൽ സ്പോൺസർ ചെയ്തത് ജനസേവ ശിശുഭവനാണ്.

# കുസാറ്റിലെ പൂർവ വിദ്യാർത്ഥിക്ക് 1.5 കോടി രൂപയുടെ ഫെല്ലോഷിപ്പ്



**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കെമിക്കൽ ഓഷ്യനോഗ്രഫി വകുപ്പിൽ നിന്നും എം.എസ്.സി ഹൈഡ്രോ കെമിസ്ട്രി പൂർത്തിയാക്കിയ അകിബ് ടി.പി ക്ക്, സ്കോട്ട്നൻറിലെ അബർഡീൻ സർവകലാശാലയിൽ സ്കൂൾ ഓഫ് നാച്ചുറൽ ആൻഡ് കമ്പ്യൂട്ടിംഗ് സയൻസിൽ ഗവേഷണം നടത്താൻ ഫുള്ളി ഫണ്ടട് പി.എച്ച്.ഡി ഫെല്ലോഷിപ്പ് ലഭിച്ചു.'ക്യാതോട് മെറ്റീരിയൽസ് ഫോർ മൾട്ടിവാലൻറ് അയോൺ ബാറ്ററീസ്'എന്ന വിഷയത്തിലാണ് ഗവേഷണം. ബാംഗ്ളൂരിലെ ഹിന്ദുസ്ത്താൻ പെട്രോളിയം കോർപ്പറേഷനിൽ പ്രോജക്ട് അസോസിയേറ്റ് ആയി ജോലി ചെയ്യുന്നതിനിടയിലാണ് പി.എച്ച്.ഡി പ്രവേശനം. നാദാപുരം താഴെ പുളിയനാണ്ടിയിൽ കുഞ്ഞാലിക്കുട്ടിയുടെയും ഖൈറുന്നിസയുടെയും മകനാണ് അകിബ് ടി.പി.

# സംസ്ഥാന ബാംബൂ മിഷൻ രജിസ്ട്രേഷന് അപേക്ഷിക്കാം

**മലപ്പുറം:** മുള/ ഈറ്റ മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ധർക്ക് സംസ്ഥാന ബാംബൂ മിഷൻ രജിസ്ട്രേഷൻ നൽകുന്നു. കേന്ദ്ര സംസ്ഥാന സർക്കാറുകൾ, ബാംബൂ മിഷൻ എന്നിവയിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കേരള ബാംബൂ ഫെസ്റ്റ് ഉൾപ്പെടെയുള്ള ബാംബൂ മിഷൻ പരിപാടികളിൽ പങ്കെടുക്കുന്നതിനും ഈ രജിസ്ട്രേഷൻ ആവശ്യമാണ്. www.keralabamboomission.org എന്ന വെബ്!സൈറ്റ് വഴി ഓൺലൈനായും നിശ്ചിത അപേക്ഷാ ഫോം പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം ജില്ലാ വ്യവസായ കേന്ദ്രം മുഖേന ബാംബൂ മിഷനിലേക്ക് അയച്ചും രജിസ്റ്റർ ചെയ്യാം.

രജിസ്റ്റർ ചെയ്ത അപേക്ഷകൾ പരിശോധിച്ച ശേഷം അർഹരായവർക്ക് ബാംബൂ മിഷൻ മുള കരകൗശല തിരിച്ചറിയൽ കാർഡ് അനുവദിക്കും. മുള കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർ മലപ്പുറം, ജില്ലാ വ്യവസായ കേന്ദ്രം (04832737405) മുഖേനയോ പൊന്നാനി, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി, നിലമ്പൂർ, ഏറനാട്, താലൂക്ക് വ്യവസായ ഓഫീസുകൾ മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

# കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി.റ്റി.പി. കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ഒക്ടോബർ മൂന്നിന് ആരംഭിക്കുന്നു.

18 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പത്താം ക്ലാസ്. ഡിറ്റിപി. കോഴ്സിന് ഡാറ്റാ എൻട്രിയോ ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. ക്ലാസിൽ ചേരാൻ താത്പര്യമുള്ളവർ ജാതി, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെപ്തംബർ 28 ന് വൈകിട്ട് 4.30 മുമ്പ് ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ലഭ്യമാണ്.

## കെ.ടെറ്റ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

**കൊച്ചി:** എറണാകുളം വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന വിവിധ പരീക്ഷ കേന്ദ്രങ്ങളിൽ (എസ്.ആർ.വി (എം) എച്ച്.എസ്, ഗവ.ഗേൾസ് എച്ച്.എസ് എറണാകുളം) ഏപ്രിൽ 2024 ലെ കെ.ടെറ്റ് പരീക്ഷ എഴുതി വിജയിച്ച ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന സെപ്തംബർ 19ന് (തീയതികളിൽ സെന്റ് തെരേസാസ് കോൺവെന്റ് ഗേൾസ് ഹയർ സെക്കണ്ടറി ഓഡിറ്റോറിയത്തിൽ രാവിലെ 10.30 മുതൽ വൈകീട്ട് നാലുവരെ നടത്തും. അർഹരായ ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും (എസ്എസ്എൽസി, പ്ലസ് ടു, ഡിഗ്രി, ഡി.എഡ്/ബി.എഡ് സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും, ജാതി/പി.എച്ച് എന്നീ ആനുകൂല്യം പ്രയോജനപ്പെടുത്തിയവർ അവ തെളിയിക്കുന്ന രേഖകളും ഹാൾടിക്കറ്റ് ഉൾപ്പെടെ പരിശോധനയ്ക്കായി ഹാജരാകണം. മുൻ വർഷങ്ങളിൽ പരീക്ഷ എഴുതി വിജയിച്ച് വെരിഫിക്കേഷൻ നടത്താൻ അവശേഷിക്കുന്നവരും ഈ ദിവസങ്ങളിൽ വെരിഫിക്കേഷനു വേണ്ടി ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കൊച്ചിൻ ഷിപ്പ്യാർഡും അസാപ്പ് കേരള, കമ്യൂണിറ്റി സ്കിൽ പാർക്ക് കുന്നന്താനവും ചേർന്ന് നടത്തുന്ന മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. ഐടിഐ വെൽഡർ, ഫിറ്റർ, ഷീറ്റ് മെറ്റൽ ട്രേഡുകളിൽ 2020 ലോ അതിന് ശേഷമോ പാസായ വിദ്യാർത്ഥികൾക്കാണ് അവസരം. 14,514 രൂപയാണ് ഫീസ്. കോഴ്സ് കാലയളവിൽ വിദ്യാർത്ഥികൾക്ക് സ്റ്റൈഫന്റ് ലഭിക്കും. മത ന്യൂനപക്ഷങ്ങളായ ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 10 വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കുവാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 9495999688/7736925907 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## 2025ലെ പത്മ പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ 2024 സെപ്റ്റംബർ 15 വരെ സമർപ്പിക്കാം

**ന്യൂ ഡൽഹി:** 2025 ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കുന്ന 2025ലെ പത്മ പുരസ്കാരങ്ങൾക്കായുള്ള ഓൺലൈൻ നാമനിർദ്ദേശങ്ങൾ / ശുപാർശകൾ 2024 മെയ് 1 ന് ആരംഭിച്ചു. 2024 സെപ്റ്റംബർ 15 ആണ് പത്മ അവാർഡുകൾക്കായി നാമനിർദേശം ചെയ്യപ്പെടേണ്ട അവസാന തീയതി.പത്മഅവാർഡുകൾക്കുള്ള നാമനിർദ്ദേശങ്ങൾ / ശുപാർശകൾ രാഷ്ട്രീയ പുരസ്കാര പോർട്ടലിൽ (https://awards.gov.in).ഓൺലൈനായി സ്വീകരിക്കും.

നാമനിർദ്ദേശങ്ങൾ / ശുപാർശകൾ രാഷ്ട്രീയ പുരസ്കാര പോർട്ടലിൽ (https://awards.gov.in) ലഭ്യമായ ഫോർമാറ്റിൽ വ്യക്തമാക്കിയിട്ടുള്ള പ്രസക്തമായ എല്ലാ വിശദാംശങ്ങളും അടങ്ങിയിരിക്കണം. ആഖ്യാന രൂപത്തിൽ പരമാവധി 800 വാക്കുകളുടെ അവലംബം ഉൾപ്പെടെ, അതത് മേഖലയിൽ ശുപാർശ ചെയ്യുന്ന വ്യക്തിയുടെ വിശിഷ്ടവും അസാധാരണവുമായ നേട്ടങ്ങൾ / സേവനം വ്യക്തമായി രേഖപ്പെടുത്തണം.



'ഒരുമിച്ചോണം കൂടെയുണ്ട് എം.ഇ.എസ് ' എന്ന പേരിൽ വയനാട് ഉരുൾ പൊട്ടൽ ദുരന്തബാധിത മേഖലയിലെ വിദ്യാർഥികൾക്കൊപ്പം എം.ഇ.എസ് നടത്തുന്ന ഓണാഘോഷം സംബന്ധിച്ച് എം.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റും ഓണം സൗഹൃദ സദസ് സംസ്ഥാന കൺവീനറുമായ ടി. എം സക്കീർ ഹുസൈൻ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു.അമീർ അലി, ഡോ. അൻവർ ഹസൈൻ, ഇ. എം നിസാർ, കെ.എം ലിയാഖത്ത് അലിഖാൻ, എം. എം അഷറഫ്, ബി.എച്ച് മുഹമ്മദ് നിസാർ,ഷെഹിൻ ഷാ, മുഹമ്മദ് സുഹൈൽ സമീപം

# ഒരുമിച്ചോണം കൂടെയുണ്ട് എം.ഇ.എസ്
# വയനാട് ദുരന്തമേഖലയിലെ കുട്ടികൾക്കൊപ്പം ഓണം ആഘോഷിക്കാൻ എംഇഎസ്

**ബ്ലാസ്റ്റേഴ്സ്,പഞ്ചാബ് ടീമുകളെ സ്റ്റേഡിയത്തിലേക്ക് ആനയിക്കുന്നത് ദുരന്തമേഖലയിലെ കുട്ടികൾ**

**കൊച്ചി:** വയനാട് ഉരുൾ പൊട്ടൽ ദുരന്തബാധിതരായ വിദ്യാർഥികൾക്കൊപ്പം ഓണം ആഘോഷിക്കാൻ എം.ഇ.എസ്. വയനാട് ഉരുൾ പൊട്ടൽ ദുരിതമേറ്റുവാങ്ങിയ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ വിദ്യാർഥികളെ ചേർത്തു പിടിക്കുന്നതിന്റെ ഭാഗമായാണ് ' ഒരുമിച്ചോണം കൂടെയുണ്ട് എം.ഇ.എസ് ' എന്ന പേരിൽ അവർക്കൊപ്പം ഇത്തവണ ഓണമാഘോഷിക്കുന്നതെന്ന് എം.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റും ഓണം സൗഹൃദ സദസ് സംസ്ഥാന കൺവീനറുമായ ടി. എം സക്കീർ ഹുസൈൻ, എം.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം. എം അഷറഫ്, ജില്ലാ പ്രസിഡന്റ് കെ.എം ലിയാഖത്ത് അലിഖാൻ,ജില്ലാ സെക്രട്ടറി ഇ എം നിസാർ എന്നിവർ വാർത്താ സമ്മേളത്തിൽ പറഞ്ഞു.

ഓണത്തോടനുബന്ധിച്ച് എല്ലാ വർഷവും എം.ഇ.എസിന്റെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ ഓണം സൗഹൃദ സദസ്സുകൾ സംഘടിപ്പിപ്പിക്കാറുണ്ട്. എന്നാൽ വയനാട് ഉൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ വിപുലമായ രീതിയിലുള്ള ആഘോഷമില്ലെങ്കിലും ചെറിയ തോതിലുള്ള സൗഹൃദ സദസുകളും സമ്മേളനങ്ങളും ആവിഷ്ക്കരിച്ചു വരികയാണെന്നും ഇവർ പറഞ്ഞു. വയനാട് ദുരന്തമേഖലയിലെ കൂട്ടികളെ ചേർത്തു പിടിക്കുന്നതിന്റെ ഭാഗമായി പ്രദേശത്തെ 24 കുട്ടികളെയും അവരുടെ കുടുംബങ്ങളെയും എറണാകുളത്ത് കൊണ്ടുവന്ന് അവർക്കൊപ്പം ഓണമാഘോഷിക്കാനാണ് എം.ഇ.എസ് തീരുമാനിച്ചിരിക്കുന്നത്. വല്ലാർമല ജി.വി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളിലെ കുട്ടികളാണ് എത്തുന്നത്. കുട്ടികളെയും അവരുടെ കുടുംബാംഗങ്ങളെയും തിരുവോണ ദിനത്തിൽ രാവിലെ എറണാകുളത്ത് എത്തിക്കും. പ്രഭാത ഭക്ഷണത്തിനു ശേഷം ഇവർക്കായി കൊച്ചി മെട്രോയിൽ യാത്രയും കലൂർ ഐഎംഎ ഹൗസിൽ ഓണ സദ്യയും ഒരുക്കിയിട്ടുണ്ട്. തുടർന്ന് ഇൻഡ്യൻ ആഡ് ഫിലിം മേക്കേഴ്സ് അസ്സോസിയേഷൻ കുട്ടികൾക്കായി കലാപരിപാടികളും അവതരിപ്പിക്കും. വൈകിട്ട് കലൂർ സ്റ്റേഡിയത്തിൽ നടക്കുന്ന ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ കേരള ബ്ലാസ്റ്റേഴ്സ് പഞ്ചാബ് എഫ്സി ടീമുകളെ കൈപിടിച്ച് മൈതാനത്തേയ്ക്ക് ആനയിക്കുന്നതും ഈ കുട്ടികളായിരിക്കും. മൽസര ശേഷം കുട്ടികളെ തിരികെ വയനാട് എത്തിക്കുമെന്നും ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കൂടുതൽ ആത്മവിശ്വാസത്തോടെയും കരുത്തോടെയും ഭാവി ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ഇതിലൂടെ എംഇഎസ് ലക്ഷ്യം വെയ്ക്കുന്നത്. കേരള ബ്ലാസ്റ്റേഴ്സിന്റെ മെഡിക്കൽ പാർട്ണറായ ഫ്യൂച്ചറേസ് ഹോസ്പിറ്റൽ, പിആർസി ഐ കൊച്ചി ചാപ്റ്റർ എന്നിവരുടെ സഹകരണത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. സമാന മനസ്ക്കരായ മറ്റു സംഘടനകളെയും സ്വാഗതം ചെയ്യുന്നതായും ഇവർ പറഞ്ഞു. യൂത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി ബി.എച്ച് മുഹമ്മദ് നിസാർ, സംസ്ഥാന ട്രഷറർ ഷെഹിൻ ഷാ,ജില്ലാ പ്രസിഡന്റ് ഡോ. അൻവർ ഹസൈൻ, ജില്ലാ സെക്രട്ടറി അമീർ അലി, സംസ്ഥാന കമ്മിറ്റിയംഗം സുഹൈൽ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## സൂപ്പർ ലീഗ് കേരള: ഇന്ന് മലബാർ ഡർബി

**കൊച്ചി:** മഹീന്ദ്ര സൂപ്പർ ലീഗ് കേരളയിൽ മലപ്പുറം എഫ്സിയും കലിക്കറ്റ് എഫ്സിയും തമ്മിലുള്ള മലബാർ ഡെർബിക്ക് ഇന്ന് മഞ്ചേരി പയ്യനാട് സ്റ്റേഡിയം സാക്ഷിയാകും. രാത്രി ഏഴിനാണ് പെരുംപോരാട്ടത്തിൻറെ കിക്കോഫ്. മൈതാനത്തെ വീറിനൊപ്പം ഗ്യാലറിയിലും വാശി നുരയുമെന്നതാണ് മത്സരത്തെ ശ്രദ്ധേയമാക്കുന്നത്, ആരാധകരെ ത്രസിപ്പിക്കുന്നത്.ഇരുടീമുകൾക്കും വമ്പൻ ഫാൻ ബെയ്സുള്ളതിനാൽ ഗാലറി നിറഞ്ഞൊഴുകും. ടിക്കറ്റുകളുടെ വിൽപ്പന ഓൺലൈനിലും ഓഫ് ലൈനിലും തകർക്കുകയാണ്.ഹോം ടീമായ മലപ്പുറം എഫ്സിയുടെ ആരാധക സംഘം 'അൾട്രാസ് ' മത്സരത്തിനായി വിപുലമായ ഒരുക്കങ്ങളാണ് നടത്തുന്നത്. സർപ്രൈസ് ആഘോഷങ്ങളും ഗ്യാലറിയിൽ നടക്കുമെന്ന് ഉറപ്പ്. കാണികളെ എത്തിക്കാൻ വിവിധ ഭാഗങ്ങളിൽ നിന്ന് വാഹനസൗകര്യം ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുണ്ട് അൾട്രാസ്.മലപ്പുറം എഫ്സി സ്വന്തം തട്ടകത്തിൽ ആദ്യ കളിക്കിറങ്ങുമ്പോൾ അതിനെ അവിസ്മരണീയമാക്കാനാണ് ' അൾട്രാസ് ' പദ്ധതിയിടുന്നത്. 'ബീക്കൺസ് ബ്രിഗേഡ് ' എന്ന പേരിൽ അറിയപ്പെടുന്ന കാലിക്കറ്റ് എഫ്സിയുടെ ആരാധകപ്പടയും ചില്ലറക്കാരല്ല. അവരും വനിതാ ആരാധകരെ ഉൾപ്പടെ ആയിരങ്ങളെ ഗ്യാലറിയിൽ എത്തിക്കും.ആദ്യമത്സരത്തിൽ വമ്പും കൊമ്പുമയി ഇറങ്ങിയ ഫോഴ്സ കൊച്ചിയെ അവരുടെ തട്ടകത്തിൽ രണ്ടുഗോളുകൾക്ക് കശാപ്പ് ചെയ്താണ് മലപ്പുറം എഫ്സി സൂപ്പർ ലീഗ് കേരളയിൽ പൂജകുറിച്ചത്. രണ്ടാം മത്സരവും ജയിച്ച് പോയൻറ് പട്ടികയിൽ പോൾ പോസിഷനിൽ തുടരാനാവും ഇന്ത്യൻ താരം അനസ് എടത്തൊടിക നയിക്കുന്ന മലപ്പുറംപടയുടെ ലക്ഷ്യം.ഇംഗ്ലീഷ് കോച്ച് ജോൺ ഗ്രിഗറി തന്ത്രങ്ങൾ ഒരുക്കുന്ന മലപ്പുറം എഫ്സിയിൽ നാട്ടുകാർക്ക് പ്രിയങ്കരായ മിഥുൻ, ഫസലു, റിസ്വാൻ അലി, അജയ്, ജാസിം തുടങ്ങിയവർ ബൂട്ടുകെട്ടുന്നു. ഒപ്പം ഐ ലീഗ് സ്റ്റാർ അലക്സ് സാഞ്ചസ്, ബാർബോസ തുടങ്ങിയ വിദേശ താരങ്ങളും പറന്നുകളിക്കും.

## പാവക്കുളത്ത് നൃത്തമൽസരം

**കൊച്ചി:** നവരാത്രി മഹോൽസവത്തോടനുബന്ധിച്ച് പാവക്കുളം ശ്രീമഹാദേവ ക്ഷേത്രത്തിൽ ഒക്ടോബർ 12 ന് നൃത്തമൽസരങ്ങൾ നടക്കും.

ഭരതനാട്യം, നാടോടി നൃത്തം എന്നീ ഇനങ്ങളിലാണ് മൽസരം. എട്ട് വയസ് മുതൽ 12 വരെ, 13 മുതൽ 16 വരെ, 17 വയസിനു മുകളിൽ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു മണിവരെയാണ് മൽസരം നടക്കുക.

നൂറു രൂപയാണ് രജിസ്ട്രേഷൻ ഫീസ്. മൽസരത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9895985889, 97465,81826 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

## കുസാറ്റിൽ റിസർച്ച് അസിസ്റ്റൻറ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പ്രൊഫ.എൻ.ആർ മാധവ മേനോൻ ഇൻറർ ഡിസിപ്ലിനറി സെൻറർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോൾസിൽ റിസർച്ച് അസിസ്റ്റൻറ് താൽകാലിക ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. എൽ.എൽ.എമ്മിൽ 55 % മാർക്കുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വിശദമായ ബയോഡാറ്റയും സമാന മേഖലയിലെ പ്രവർത്തിപരിചയം സഹിതം cusaticrep@cusat.ac.ibn എന്ന വിലാസത്തിൽ സെപ്റ്റംബർ 20 ന് മുൻപ് അയക്കുക. കൂടുതൽ വിവരങ്ങൾക്ക്, 8078019688 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.cusat.ac.in or www.icrep.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

## ഗേൾസ് ഹോസ്റ്റൽ മേട്രൻ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഗേൾസ് ഹോസ്റ്റൽ മേട്രൻ തസ്തികയിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അഗൂകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ബിരുദം ഉള്ളവർക്ക് അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷ ഫോമും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 30. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി022 എന്ന വിലാസത്തിൽ, ഒക്ടോബർ 5 നുള്ളിൽ ലഭിക്കണം.

## അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെൻറർ ഫോർ ബജറ്റ് സ്റ്റഡീസിലെ ഫിനാൻസിൽ അസിസ്റ്റൻറ് പ്രൊഫസറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. എം.കോം, നെറ്റ് ഉള്ളവർക്ക് അപേക്ഷിക്കാം. പി.എച്ച്.ഡി, ആർ/പൈത്തൺ എന്നിവയിലെ പ്രാവീണ്യം അഭികാമ്യം. ഓൺലൈൻ അപേക്ഷ ഫോമും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 2. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി എന്ന വിലാസത്തിൽ, ഒക്ടോബർ 9 നുള്ളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്, 04842862735, എന്ന നമ്പറിൽ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെൻറർ ഫോർ ഇൻറഗ്രേറ്റഡ് സ്റ്റഡീസിലെ ഫോറൻസിക് സയൻസിൽ അസിസ്റ്റൻറ് പ്രൊഫസറെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഫോറൻസിക് സയൻസിൽ ബിരുദാനന്ദര ബിരുദവും നെറ്റും ഉള്ളവർക്ക് അപേക്ഷിക്കാം. പി.എച്ച്.ഡി അഭികാമ്യം. ഓൺലൈൻ അപേക്ഷ ഫോമും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 10. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി എന്ന വിലാസത്തിൽ, ഒക്ടോബർ 17 നുള്ളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്, 04842862955, എന്ന നമ്പറിൽ ബന്ധപ്പെടുക.

## ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം സമാപിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്,സംസ്ഥാനത്തെ 250 സിബിഎസ്ഇ സ്കൂൾ അധ്യാപകർക്കായി 'ഗേമിഫിക്കേഷൻ ഫോർ ലേണിങ്ങ് ആൻഡ് ഡെവലപ്മന്റ്' എന്ന വിഷയത്തിൽ നടന്ന ത്രിദിന ഓൺലൈൻ ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം സമാപ്പിച്ചു. സാധാരണ ക്ലാസ് റൂമുകളെക്കാൾ ഓൺലൈൻ ക്ലാസ്സുകളിൽ ഗെയിമിഫിക്കേഷന് പരിമിതികളില്ലാതെ വിദ്യാർത്ഥികളുടെ ഇടപെടൽ മെച്ചപ്പെടുത്താൻ സാധിക്കും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി ശങ്കരൻ സൂം പ്ലാറ്റ്ഫോമിലൂടെ പരിപാടി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.മനു മെൽവിൻ ജോയ് ആണ് പരിപാടിക്ക് നേതൃത്വം നൽകിയത്.

# തരംഗ് ശക്തി; വ്യോമ അഭ്യാസം രാജ്യങ്ങളുമായുള്ള സഹകരണവും ഏകോപനവും വിശ്വാസവും ശക്തിപ്പെടുത്തുമെന്ന് രാജ്നാഥ് സിംഗ്

**ന്യൂ ഡൽഹി:** പങ്കാളി രാജ്യങ്ങളുമായുള്ള സഹകരണവും ഏകോപനവും വിശ്വാസവും ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമമായി മന്ത്രി രാജ്നാഥ് സിംഗ് ബഹുരാഷ്ട്ര വ്യോമ അഭ്യാസി 'തരംഗ് ശക്തി'യെ വിശേഷിപ്പിച്ചു . ജോധ്പൂരിൽ നടന്ന ബഹുരാഷ്ട്ര അഭ്യാസത്തിന്റെ രണ്ടാം ഘട്ടത്തിലെ വിശിഷ്ട സന്ദർശക ദിന പരിപാടിയിൽ അദ്ദേഹം സദസിനെ അഭിസംബോധന ചെയ്തു.തരംഗ് ശക്തിയിലൂടെ, ഇന്ത്യ എല്ലാ പങ്കാളി രാജ്യങ്ങളുമായും പ്രതിരോധ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുകയും ആവശ്യമുള്ളപ്പോഴെല്ലാം നാമെല്ലാവരും ഒരുമിച്ചു നിൽക്കും എന്ന ആത്മവിശ്വാസം അവർക്ക് നൽകുകയും ചെയ്തുവെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു.

ഇന്ത്യൻ വ്യോമസേനയുടെ മഹത്തായ നേട്ടങ്ങൾ ആഘോഷിക്കാനുള്ള അവസരമാണ് ഇന്നത്തെ സുപ്രധാന പരിപാടിയെന്ന് രക്ഷാ മന്ത്രി പറഞ്ഞു. സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യൻ വ്യോമസേനയ്ക്ക് രണ്ട് തരം വിമാനങ്ങളുടെ ആറ് സ്ക്വാഡ്രണുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുപോലെ, ഉണ്ടായിരുന്ന യുദ്ധോപകരണങ്ങൾ പഴയത് മാത്രമല്ല, എണ്ണത്തിലും പരിമിതമായിരുന്നു. എന്നാൽ ഇന്ന്, ലോകമെമ്പാടുമുള്ള ഏറ്റവും മികച്ചതും ആധുനികവുമായ വിമാനങ്ങളും അടുത്ത തലമുറ ഉപകരണങ്ങളും കൊണ്ട് സജ്ജമായ ഇന്ത്യൻ വ്യോമസേന സ്വയം രൂപാന്തരപ്പെട്ടിരിക്കുന്നു.

ഫ്രഞ്ച് കമ്പനിയായ സഫ്രാൻ ഹെലികോപ്റ്റർ എഞ്ചിനുമായി ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ സമീപകാല സഹകരണത്തെ പരാമർശിച്ച രക്ഷാ മന്ത്രി, ആയുധങ്ങളുടെയും ഉപകരണങ്ങളുടെയും ഇറക്കുമതി രാജ്യം എന്നതിൽ നിന്ന് ഇന്ന് 90 ഓളം രാജ്യങ്ങളിലേക്ക് ആയുധങ്ങളും ഉപകരണങ്ങളും കയറ്റുമതി ചെയ്യുന്ന ഒരു രാജ്യമായി നാം സ്വയം മാറിയിരിക്കുന്നു എന്ന് പറഞ്ഞു. സാംസ്കാരിക, ടൂറിസം വകുപ്പ് മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും തരംഗ് ശക്തിയിൽ നടന്ന വിശിഷ്ട സന്ദർശക ദിന പരിപാടിയിൽ പങ്കെടുത്തു.

തദ്ദേശീയമായ പ്രതിരോധ ഉപകരണ നിർമ്മാണത്തിലും എയ്റോസ്പേസ് രംഗത്തെ നൂതനാശയങ്ങളിലും ഉള്ള ഇന്ത്യയുടെ പ്രതിബദ്ധത പ്രകടമാക്കുന്ന, ഇന്റർനാഷണൽ ഡിഫൻസ് ആൻഡ് എയ്റോസ്പേസ് എക്സ്പോ മന്ത്രി ഉദ്ഘാടനം ചെയ്തു.

സ്റ്റാർട്ടപ്പുകൾ, എംഎസ്എംഇകൾ, പ്രധാന എയറോനോട്ടിക്കൽ വ്യവസായങ്ങൾ എന്നിവയിൽ നിന്നുള്ള ആവേശകരമായ പങ്കാളിത്തം പരിപാടിയിൽ പ്രകടമായി. അറുപത്തിയെട്ട് വ്യവസായ സംരംഭങ്ങൾ അത്യാധുനിക പ്രതിരോധ സാങ്കേതികവിദ്യകൾ അവതരിപ്പിച്ചു. അഭ്യാസത്തിന്റെ രണ്ടാം ഘട്ടത്തിൽ ഏഴ് രാജ്യങ്ങളുടെയും ഇരുപത്തിയൊന്ന് നിരീക്ഷക രാജ്യങ്ങളുടെയും പങ്കാളിത്തമുണ്ടായി. കളഅത24 അന്താരാഷ്ട്ര സഹകരണം, സംവാദം, വൈദഗ്ധ്യ കൈമാറ്റം എന്നിവയ്ക്ക് അടിവരയിടുകയും പ്രതിരോധ ബഹിരാകാശ മേഖലയിൽ ഇന്ത്യയുടെ ആഗോള നില കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു



സംസ്ഥാനത്തെ മികച്ച സേവനം കാഴ്ചവച്ച സ്കൂൾ പ്രിൻസിപ്പൾമാരെ ആദരിക്കുന്നതിനായി വേദിക് സിവിൽ സർവീസസ് ക്ലബും, വേദിക് എഐ സ്കൂളും ചേർന്ന് കൊച്ചിയിൽ സംഘടിപ്പിച്ച 'ഗുരുവന്ദനം' പുരസ്കാര വിതരണ ചടങ്ങ് കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ.കെ സാജു ഉദ്ഘാടനം ചെയ്യുന്നു. ബിജി ജി നായർ, ബിനി തോസമ്, എംപി ജോസഫ്, ജെയിംസ് മറ്റം എന്നിവർ സമീപം.

# വേദിക് ഗുരുവന്ദനം പുരസ്കാരങ്ങൾ നൽകി

**കൊച്ചി :** ഏത് മേഖലയിലും ഉന്നത വിജയം ആഗ്രഹിക്കുന്നെങ്കിൽ ചെറുപ്പത്തിലെ പരിശീലനം തുടങ്ങണമെന്ന് കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.കെ.കെ സാജു പറഞ്ഞു. സംസ്ഥാനത്തെ മികച്ച സേവനം കാഴ്ചവച്ച സ്കൂൾ പ്രിൻസിപ്പൾമാരെ ആദരിക്കുന്നതിനായി വേദിക് സിവിൽ സർവീസസ് ക്ലബും, വേദിക് എഐ സ്കൂളും ചേർന്ന് കൊച്ചിയിലെ ഹോട്ടൽ മാരിയറ്റിൽ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ആദ്ദേഹം. മികവിലേക്ക് ഉയരാൻ സ്കൂളുകളെ പ്രാപ്തരാക്കിയതിനും, വിദ്യാർത്ഥികളെ പ്രചോദിപ്പിച്ചതിനുമാണ് പുരസ്ക്കാരം.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 100ൽ അധികം പ്രിൻസിപ്പാൾമാരെ എക്സലൻസ് അവാർഡ് ഫോർ അമേസിങ് പ്രിൻസിപ്പാൾ ബഹുമതി നൽകി ആദരിച്ചു. വേദിക് ഗ്രൂപ്പ് ഓഫ് കമ്പനീസ് ഫൗണ്ടറും സിഇഒയുമായ ജെയിംസ് മറ്റം അധ്യക്ഷത വഹിച്ചു. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി എംപി ജോസഫ് അവാർഡുകൾ വിതരണം ചെയ്തു.

ഐ ലേണിങ് എൻജിൻസ് പ്രസിഡന്റ് എപി ബാലകൃഷ്ണൻ, വേദിക് അക്കാദമിക് ഡയറക്ടർ ബിനി തോസമ്, മാർക്കറ്റിംഗ് മേധാവി ബിജി ജി നായർ തുടങ്ങിയവരും ചടങ്ങിൽ സംസാരിച്ചു.

വേദിക് എഐ സ്ക്കൂളുകൾ 500 എന്ന നാഴികക്കല്ല് പിന്നിട്ടതിന്റെ ഭാഗം കൂടിയായിട്ടാണ് ചടങ്ങ് ഒരുക്കിയത്.

## ഗുരുദേവകൃതികളുടെ പുതിയ പകർപ്പ് പ്രകാശനം ചെയ്തു

**ശിവഗിരി :** ശ്രീനാരായണ ഗുരുദേവ കൃതികളുടെ 44 ാമതു പതിപ്പ് ശിവിഗിരിമഠം പ്രകാശനം ചെയ്തു. 41 ാമത്തെ പതിപ്പിൽ 57 കൃതികളാണുണ്ടായിരുന്നത്. പുതിയതായി കണ്ടെടുത്ത 14 കൃതികൾ ഉൾപ്പെടെ 71 കൃതികൾ പുതിയ പതിപ്പിൽ ചേർത്തിട്ടുണ്ട്. ധർമ്മസംഘം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമിയാണ് പുതിയതായി ചേർക്കപ്പെട്ട കൃതികൾ കണ്ടെത്തിയത്. ഗ്രന്ഥം ശിവഗിരിമഠം പുസ്തകശാലയിൽ വിതരണത്തിന് തയ്യാറായിട്ടുണ്ട്. സച്ചിദാനന്ദ സ്വാമി രചിച്ച കുമാരനാശാൻ കണ്ട ഗുരുദേവൻ, ആശാൻ ഗുരുദേവനെക്കുറിച്ച് എഴുതിയതെല്ലാം, ശ്രീനാരായണ പ്രസ്ഥാനം ഒരു ചരിത്രാവലോകനം സ്വാമി സൂക്ഷ്മാനന്ദയുടെ മൈൻറ് ദി ഗ്യാപ് എന്ന പുസ്തകവും ശിവഗിരി മഠം ബുക്ക് സ്റ്റാളിൽ നിന്നും ലഭ്യമാണ്.

# പുതിയ ഓണ ക്യാമ്പയിൻ അവതരിപ്പിച്ച് ജോയ്ആലുക്കാസ്

**കൊച്ചി:** ജോയ്ആലുക്കാസ് എഐ ഓണ ക്യാമ്പയിൻ അവതരിപ്പിച്ചു. 'എ സിംഫണി ഓഫ് ട്രഡീഷൻ ആന്റ് ജോയ്' എന്ന പേരിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) വഴി നിർമ്മിച്ചെടുത്ത കഥാപാത്രങ്ങളാണ് പരസ്യചിത്രത്തിൽ ഉള്ളത്.

കേരളത്തിലെ തനത് കാഴ്ച്ചകളായ നെൽപ്പാടങ്ങൾ കാണിച്ചു കൊണ്ടു തുടങ്ങുന്ന വീഡിയോ ഓണത്തിന്റെ ഗൃഹാതുരമായ അനുഭവങ്ങളിലേക്ക് കാഴ്ച്ചക്കാരെ എത്തിക്കുന്നു.

ഓണം ആഘോഷിക്കുന്നതിനോടൊപ്പം എഐ സാങ്കേതിക വിദ്യയിലൂടെ കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യംപുനഃസൃഷ്ടിക്കാനായിതിൽ ഏറെ സന്തോഷമുണ്ട്. ഓണാഘോഷത്തിന്റെ ആവേശവും എഐ സാങ്കേതികവിദ്യയിലൂടെ ഇന്നത്തെ ആളുകളിലേക്ക് എത്തിക്കാൻ സാധിച്ചു. മികച്ച പ്രതികരണമാണ് വീഡിയോയ്ക്ക് ലഭിക്കുന്നതെന്ന് ജോയ്ആലുക്കാസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു.

പാരമ്പര്യത്തിലുറച്ചു നിന്നുള്ള ജോയ്ആലുക്കാസിന്റെ പ്രതിബദ്ധത കൂടിയാണ് പുതിയ ക്യാമ്പയിൻ. ലോകമെമ്പാടുമുള്ളവർക്ക് ഓണത്തിന്റെ ആവേശം പകരുന്നതാണ് ഈ വീഡിയോ.

സൂത്ര എന്ന പരസ്യകമ്പനി നിർമ്മിച്ച പരസ്യത്തിന്റെ വരികൾ ചെയ്തിരിക്കുന്നത് ടി.ബി. സനീഷാണ്.

# രാഹുൽ ദ്രാവിഡ് ശ്രീറാം ഫിനാൻസിന്റെ ബ്രാൻഡ് അംബാസിഡർ



**കൊച്ചി:** ധനകാര്യ സ്ഥാപനമായ ശ്രീറാം ഫിനാൻസിന്റെ ബ്രാൻഡ് അംബാസിഡറായി മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവും പരിശീലകനുമായിരുന്ന രാഹുൽ ദ്രാവിഡിനെ നിയമിച്ചു. രാജ്യമെമ്പാടും ബിസിനസ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് രാഹുൽ ദ്രാവിഡിനെ ബ്രാൻഡ് അംബാസിഡറാക്കിയതെന്ന് ശ്രീറാം ഫിനാൻസ് അറിയിച്ചു. ക്രിക്കറ്റ് മൈതാനങ്ങളിലെ അചഞ്ചലമായ അർപ്പണബോധത്തിന്റെ പ്രതീകമായ രാഹുൽ ദ്രാവിഡിന്റെ വരവ് ശ്രീറാം ഫിനാൻസിന്റെ ബിസിനസിന് ഏറെ ഗുണകരമാകുമെന്ന് ശ്രീറാം ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ വൈ എസ് ചക്രവർത്തി പറഞ്ഞു.



# പാരാലിമ്പിക്സ് താരങ്ങൾക്ക് അഭിനന്ദനവുമായി ഇന്ത്യൻ ഓയിൽ

**ന്യൂഡൽഹി:** പാരീസിൽ ഈയിടെ സമാപിച്ച പാരാലിമ്പിക്സ് ഗെയിംസിൽ ചരിത്രത്തിലെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച ഇന്ത്യൻ കായികതാരങ്ങളെ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദരിച്ചു. ഇന്ത്യൻ ഓയിൽ ഭിന്നശേഷിക്കാരായ താരങ്ങൾക്ക് നൽകിവരുന്ന പിന്തുണയെ ചടങ്ങിൽ കേന്ദ്ര യുവജനകാര്യകായിക സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ അഭിനന്ദിച്ചു. മന്ത്രിയെ കൂടാതെ എംഒപിഎൻജി സെക്രട്ടറി പങ്കജ് ജെയിൻ, ഇന്ത്യൻ ഓയിൽ ചെയർമാനും ഡയറക്ടറുമായ വി സതീഷ് കുമാർ, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, പിസിഐ നേതൃത്വം തുടങ്ങിയവർ പങ്കെടുത്തു.ഏഴ് സ്വർണ്ണവും 9 വെള്ളിയും 13 വെങ്കലവും ഉൾപ്പെടെ 29 മെഡലുകൾ നേടി രാജ്യത്തിന് അഭിമാനമായ താരങ്ങളെ ആദരിക്കുന്നതിന് ഇന്ത്യൻ ഓയിൽ വിപുലമായ ചടങ്ങാണ് സംഘടിപ്പിച്ചത്.

ഇന്ത്യയുടെ ഭിന്നശേഷിക്കാരായ കായിക താരങ്ങൾ ഒരിക്കൽ കൂടി തങ്ങളുടെ അസാധാരണമായ കഴിവുകൾ ആഗോള വേദിയിൽ പ്രദർശിപ്പിച്ചു. നിങ്ങൾ ഇന്ത്യയുടെ കരുത്തിന്റെയും ചൈതന്യത്തിന്റെയും യഥാർത്ഥ അംബാസഡർമാരാണെന്ന് ചടങ്ങിൽ മന്ത്രി രക്ഷാ നിഖിൽ ഖഡ്ഗെ പറഞ്ഞു.പാരാ അത്‌ലറ്റുകൾക്കായി പ്രതിമാസ സ്കോളർഷിപ്പുകൾ, മെഡിക്കൽ ഇൻഷുറൻസ്, സ്പോർട്സ് കിറ്റുകൾ തുടങ്ങിയവ ഏർപ്പെടുത്തുക വഴി ഇന്ത്യൻ ഓയിൽ അതിന്റെ പിന്തുണ തുടരുമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സെക്രട്ടറി പങ്കജ് ജെയിൻ വ്യക്തമാക്കി.

# കൈകോർത്ത് ടാറ്റ മോട്ടോർസും ടാറ്റാ പവർ റിന്യൂവബിൾ എനർജിയും

**കൊച്ചി:** ഇലക്ട്രിക് കൊമേഴ്ഷ്യൽ വാഹനങ്ങൾക്കായി 200 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി രാജ്യത്തെ മുൻനിര ഇവി ചാർജിംഗ് സൊല്യൂഷൻസ് സേവനദാതാക്കളും ടാറ്റ പവർ റിന്യൂവബൾ എനർജി ലിമിറ്റഡിന്റെ ഉപവിഭാഗവുമായ ടാറ്റ പവർ ഇവി ചാർജിംഗ് സൊല്യൂഷൻസ് ലിമിറ്റഡും, ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമാതാക്കളുമായ ടാറ്റ മോട്ടോർസും ധാരണാപത്രം ഒപ്പുവച്ചു. മുംബൈ, ഡൽഹി, ചെന്നൈ, ബാംഗ്ലൂർ, കൊൽക്കത്ത തുടങ്ങിയ മെട്രോ നഗരങ്ങളിലായിരിക്കും ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക. നിലവിൽ ഇരു കമ്പനികളും തമ്മിലുള്ള വ്യാവസായി പങ്കാളിത്തം വീണ്ടും ഊട്ടിയുറപ്പിക്കുകയാണ് പുതിയ കരാർ.

ഇതിലൂടെ സുസ്ഥിരമായ മൊബിലിറ്റി സൊല്യൂഷനുകളും ചെറിയ ഇലക്ട്രിക് കൊമേഷ്യൽ വാഹനങ്ങൾക്കായി ചാർജിംഗ് സൗകര്യവും ഉപഭോക്താക്കൾക്ക് ലഭ്യമാകും. പുതിയ പങ്കാളിത്ത പ്രഖ്യാപനത്തിന്റെ ഭാഗമായി ടാറ്റ മോട്ടോർസും ടാറ്റ പവറും ടാറ്റ മോട്ടോർസ് ഇലക്ട്രിക സിവി ഉപഭോക്താക്കൾക്കായി പ്രത്യേക ചാർജിംഗ് താരിഫുകളും വാഗ്ദാനം ചെയ്യുന്നു. ഇതോടെ പ്രവർത്തന ചിലവ് ഗണ്യമായി കുറയുകയും ഉപഭോക്താക്കൾക്ക് സാമ്പത്തിക ലാഭം നേടുവാനുമാകും. നെറ്റുവർക്ക് വിപുലീകരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളമുള്ള ഇലക്ട്രിക് വാണിജ്യ വാഹന ഉപഭോക്താക്കൾക്ക് ഏകദേശം 1000ന് മുകളിലുള്ള ഫാസ്റ്റ് ചാർജർ ശൃംഖലയുടെ സേവനം ഉടൻ തന്നെ സൗകര്യപ്രദമായി ഉപയോഗിക്കാനാകുമെന്ന് ടാറ്റ മോട്ടോർസ് എസ്‌വിപി& പിയു വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ വിനയ് പതക് പറഞ്ഞു. ടാറ്റ പവറുമായുള്ള പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ഏറെ സന്തോഷത്തോടെയാണ് സ്വാഗതം ചെയ്യുന്നതെന്ന് രാജ്യത്തുടനീളമുള്ള സൗകര്യപ്രദമായ സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സംവിധാനങ്ങൾ തയ്യാറാക്കിക്കൊണ്ട് ഇലക്ട്രിക് കൊമേഷ്യൽ വാഹന മേഖല കൂടുതൽ ശക്തിപ്പെടുത്തുവാൻ ഇതുവഴി സാധിക്കും. ലോകത്തോര നിലവാരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങൾ രൂപകൽപ്പന ചെയ്യുകയും നിർമിക്കുകയും മാത്രമല്ല ഞങ്ങളുടെ ലക്ഷ്യം, ഈ പരിസ്ഥിതി സൗഹൃദ, കാർബൺ പുറന്തള്ളാത്ത വാഹനങ്ങളുടെ ഉപഭോഗം കൂടുതൽ ജനകീയമാക്കുക എന്നത് കൂടിയാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി ഈ പങ്കാളിത്തത്തിലൂടെ പുനരുപയോഗിക്കാവുന്ന ഊർജത്തിന്റെ ഉപയോഗം പരമാവധിയാക്കുന്നതിനുള്ള വഴികൾ തേടുകയും ചെയ്യും. ടാറ്റ മോട്ടോർസ് എസ്‌വിപി& പിയു വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ വിനയ് പതക് പറഞ്ഞു. ടാറ്റ വർ റിന്യൂവബിൾ എനർജി ലി. സിഇഒയും എംഡിയുമാ ദീപേഷ് നന്ദ പറഞ്ഞു.

## ഇന്ത്യയിലെ കടൽപായൽ കൃഷി വികസനം

# സിഎംഎഫ്ആർഐയെ മികവിന്റെ കേന്ദ്രമാക്കി കേന്ദ്ര ഫിഷറീസ് മന്ത്രാലയം

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തെ (സിഎംഎഫ്ആർഐ) ടൽപായൽ കൃഷിയുടെ മികവിന്റെ കേന്ദ്രമായി (സെന്റർ ഓഫ് എക്സലൻസ്) കേന്ദ്ര ർക്കാർ തിരഞ്ഞെടുത്തു. ഇന്ത്യയിൽ കടൽപായൽ ഉൽപാദനവും പ്രചാരണവും ലക്ഷ്യമിട്ട് കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന്റേതാണ് നടപടി.ഇതനുസരിച്ച്, സിഎംഎഫ്ആർഐയുടെ തമിഴ്നാട്ടിലുള്ള മണ്ഡപം പ്രാദേശിക കേന്ദ്രത്തിൽ കടൽപായൽ കൃഷി ഗവേഷണം, വികസന പ്രവർത്തനങ്ങൾ, പരിശീലനം, മാനവശേഷി വികസനം തുടങ്ങിയവ നടപ്പാക്കും.ആഗോള കടൽപ്പായൽ വ്യവസായത്തിൽ ഇന്ത്യയുടെ പങ്ക് ഉയർത്തുന്നതിനായി കേന്ദ്രം പ്രവർത്തിക്കും. സുസ്ഥിര കടൽപ്പായൽ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മേഖലയിലെ പ്രധാന വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളുണ്ടാകും.സാങ്കേതിക വിദ്യകൾ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള പഠനങ്ങൾക്ക് സിഎംഎഫ്ആർഐ നേതൃത്വം നൽകും.



നാടൻ കടൽപായൽ ഇനങ്ങളുടെ ജനിതക വൈവിധ്യം നിലനിർത്തുന്നതിന് വിത്തു ബാങ്ക് സ്ഥാപിക്കും. ഗുണനിലവാരമുള്ള തൈകളുടെ ലഭ്യതയും വിതരണവും ഉറപ്പുവരുത്തും. സുസ്ഥിരത നിലനിർത്താൻ പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തും. കർഷകർക്കും സംരംഭകർക്കും വിവിധ പരിശീലനപദ്ധതികൾ നടപ്പിലാക്കും. ആഗോളതലത്തിൽ സ്ഥാപനങ്ങളുമായും വിദഗ്ധരുമായും സഹകരണബന്ധം സ്ഥാപിക്കും.ഇന്ത്യയിലെ കടൽപായൽ ഉൽപാദന വികസന രംഗത്ത് നിർണായക ചുവടുവെപ്പാണിതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. സാമ്പത്തിക വളർച്ചയ്ക്കും തീരദേശ ഉപജീവനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും കടൽപ്പായൽ കൃഷി ഒരു മുതൽക്കൂട്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

# ഓപ്പറേഷൻ വെറ്റ്ബയോട്ടിക്: 2.33 ലക്ഷം വിലയുള്ള വെറ്ററിനറി ആന്റിബയോട്ടിക്കുകൾ പിടിച്ചെടുത്തു

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് ആരോഗ്യവകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചതോടെ അനാവശ്യമായ ആന്റിബയോട്ടിക് ഉപയോഗത്തിൽ കാര്യമായ കുറവുണ്ടായി. എന്നാൽ വളർത്തു മൃഗങ്ങൾക്ക് വെറ്ററിനറി ഡോക്ടറുടെ നിർദേശമില്ലാതെ ആന്റിബയോട്ടിക്കുകൾ അനാവശ്യമായി നൽകുന്നെന്ന് കണ്ടെത്തി. ഇതിനെ തുടർന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഓപ്പറേഷൻ വെറ്റ്ബയോട്ടിക് എന്ന പേരിൽ പരിശോധനകൾ നടത്തി. ഇത്തരം മൃഗങ്ങളുടെ പാലിലൂടെയും മാംസത്തിലൂടെയും ആന്റിബയോട്ടിക്കുകളുടെ അവശിഷ്ടം മനുഷ്യശരീരത്തിലെത്തിയാൽ ആരോഗ്യത്തിന് ഹാനികരമാകാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും മന്ത്രി പറഞ്ഞു. മതിയായ ഡ്രഗ്സ് ലൈസൻസുകൾ ഇല്ലാതെ ആന്റിബയോട്ടിക് മരുന്നുകൾ അനധികൃതമായി വാങ്ങി സൂക്ഷിക്കുകയും വിപണനം നടത്തുകയും ചെയ്ത 2 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു.

# ആഗോള പ്രവാസി സംഗമം ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക്

**ശിവഗിരി :** ലോകം ശിവഗിരിയിലേക്ക് എന്ന പ്രതീതിയിൽ ആഗോള പ്രവാസി സംഗമത്തിനുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്കാകുന്നു. നിരവധി വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സംഗമത്തിനെത്തിച്ചേരുമെന്നുള്ള വിവരം നിത്യേന ശിവഗിരിമഠത്തിൽ ലഭിച്ചു വരുന്നു.

ശാരദാമഠത്തിനു സമീപമാണു പ്രവാസി സംഗമ പന്തൽ ഉയർന്നിട്ടുള്ളത്. പന്തലിനുള്ളിലെ ക്രമീകരണങ്ങൾ നടന്നു വരുന്നു. രാജ്യത്തും വിദേശരാജ്യങ്ങളിലുമായി നടന്നു വന്ന സംഗമം പ്രചാരണ യോഗങ്ങളും അവസാനിച്ചു. ഇനിയുള്ള ദിവസങ്ങൾ ഓണാഘോഷത്തിലും പ്രവാസി സംഗമത്തിലും സംബന്ധിക്കാനായി നാട്ടിലേക്കുള്ള യാത്രയിലാണു പലരും. എത്തിച്ചേരുന്നവർക്കുള്ള താമസക്രമീകരണങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ പാർക്കിംഗിന് ശിവഗിരിമഠം പ്രസിദ്ധീകരണ വിഭാഗത്തിൻറെ മുൻവശത്തെ മൈതാനവും തീർത്ഥാടന ഓഡിറ്റോറിയത്തിൻറെ പിൻഭാഗവും ശങ്കരാനന്ദ നിലയത്തിൻറെ പരിസരവും ലഭ്യമാകും. പ്രതിനിധികൾക്കായി പ്രത്യേക രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തിക്കും. ഗുരുദേവദർശനം ആഗോളതലത്തിൽ എത്തിക്കുന്നതിനും പ്രവാസികളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗരേഖ അവതരണം മുഖ്യ വിഷയങ്ങളാകും. ലോകത്തിൻറെ വിവിധ മേഖലകളിൽ ശ്രദ്ധേയരായ നിരവധി പ്രശസ്തർ വിഷയങ്ങൾ അവതരിപ്പിക്കും സംഗമത്തിലേക്ക് രാജ്യത്തിനകത്തും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള എല്ലാ ഗുരുദേവ പ്രസ്ഥാനങ്ങളുടേയും ഭാരവാഹികളും അംഗങ്ങളും സംബന്ധിക്കണമെന്ന് ശിവഗിരിമഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി, ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി എന്നിവർ അറിയിച്ചു.

## പ്രവാസി സംഗമം: ഗുരുധർമ്മ പ്രചരണ സഭാ പ്രവർത്തകർ പങ്കെടുക്കണം

**ശിവഗിരി :** 16, 17 തീയതികളിൽ നടക്കുന്ന ആഗോള പ്രവാസി സംഗമത്തിൽ ഗുരുധർമ്മ പ്രചരണസഭയുടേയും മാതൃസഭയുടേയും യുവജനസഭയുടേയും എല്ലാ തുറകളിലെയും ഭാരവാഹികളും അംഗങ്ങളും പങ്കെടുക്കണമെന്ന് ഗുരുധർമ്മ പ്രചരണ സഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി അറിയിച്ചു. സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഴുവൻ പ്രവാസികളെയും പങ്കെടുപ്പിക്കണമെന്നും അസംഗാനന്ദ സ്വാമി പറഞ്ഞു.

# ഇൻഷുറൻസ് ആനുകൂല്യം നിഷേധിച്ചു; ഇൻഷുറൻസ് തുകയും 15,000 രൂപ നഷ്ടപരിഹാരവും നൽകാൻ ഉപഭോക്തൃ കമ്മീഷൻ വിധി

**മലപ്പുറം:** ആരോഗ്യ ഇൻഷുറൻസ് എടുത്ത വ്യക്തിക്ക് ഇൻഷുറൻസ് തുക നിഷേധിച്ച സംഭവത്തിൽ ഇൻഷുറൻസ് തുകയും 15,000 രൂപ നഷ്ടപരിഹാരവും നൽകാൻ മലപ്പുറം ജില്ലാ ഉപഭോക്തൃ കമ്മീഷൻ വിധി. തൊഴുവാനൂർ സ്വദേശി കളത്തിൽ വീട്ടിൽ എം മിനി സമർപ്പിച്ച ഹരജിയിലാണ് കമ്മീഷൻ വിധി. സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയാണ് സംഖ്യ നൽകേണ്ടത്. പരാതിക്കാരിയുടെ ഇടതുകാലിന് അസുഖം വന്നതിനെ തുടർന്ന് തൃശൂർ ദയാ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്ത് ചികിൽസ നടത്തി. ആശുപത്രിയിൽ ഇൻഷുറൻസ് കമ്പനി നേരിട്ട് പണം അടക്കാൻ ബാധ്യസ്ഥരായിരുന്നെങ്കിലും പണം അടച്ചില്ല. പകരം ബില്ലുമായി ഇൻഷുറൻസ് കമ്പനിയെ സമീപിക്കാൻ നിർദ്ദേശിക്കുകയായിരുന്നു.

അപ്രകാരം ബില്ലുകൾ സമർപ്പിച്ചെങ്കിലും കമ്പനി പണം നിഷേധിച്ചു. ഇൻഷുറൻസ് പോളിസി എടുക്കുന്നതിനു മുമ്പു തന്നെ പരാതിക്കാരിക്ക് അസുഖമുണ്ടായിരുന്നുവെന്നും അത് മറച്ച് വെച്ചാണ് പോളിസി എടുത്തതെന്നും പറഞ്ഞാണ് ആനുകൂല്യം നിഷേധിച്ചത്. രേഖകൾ പരിശോധിച്ച കമ്മീഷൻ കമ്പനിയുടെ വാദം നിരാകരിച്ചു. ഇൻഷുറൻസ് പോളിസി എടുക്കുന്നതിന് മുമ്പ് ഹരജിക്കാരിക്ക് രോഗമുണ്ടായിരുന്നുവെന്നും ചികിൽസയുണ്ടായിരുന്നുവെന്നും തെളിയിക്കാൻ കഴിയാതെ ആനുകൂല്യം നിഷേധിച്ച ഇൻഷുറൻസ് കമ്പനിയുടെ നടപടി സേവനത്തിലെ വീഴ്ചയാണെന്നും ബില്ലു പ്രകാരമുള്ള ചികിൽസാ തുക 2,13,708 രൂപയും നഷ്ടപരിഹാരമായി 15,000 രൂപയും കോടതി ചെലവായി 10,000 രൂപയും ഒരു മാസത്തിനകം ഹരജിക്കാരിക്ക് നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു. വീഴ്ച വരുത്തിയാൽ വിധി തിയ്യതി മുതൽ ഒമ്പതു ശതമാനം പലിശയും നൽകണമെന്ന് കെ.മോഹൻദാസ് പ്രസിഡന്റും പ്രീതിശിവരാമൻ, സി.വി. മുഹമ്മദ് ഇസ്മായിൽ എന്നിവർ അംഗങ്ങളുമായ ജില്ലാ ഉപഭോക്തൃ കമ്മീഷന്റെ വിധിയിൽ പറയുന്നു.

# കളമശ്ശേരി കാർഷികോത്സവം സമാപിച്ചു

**കൊച്ചി:** ഒരാഴ്ച നീണ്ടു നിന്ന കളമശ്ശേരി കാർഷികോത്സവം സമാപിച്ചു. വിപണന പ്രദർശന മേളക്കും സമാപനമായി. സീതാറാം യച്ചൂരിയുടെ നിര്യാണത്തെത്തുടർന്ന് സമാപന സമ്മേളനവും കലാപരിപാടികളും ഒഴിവാക്കിയിരുന്നു. ജനപങ്കാളിത്തം കൊണ്ടും ഉൽപന്ന വൈവിധ്യം കൊണ്ടും ശ്രദ്ധേയമായിരുന്നു വ്യവസായ മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർഷികോത്സവത്തിന്റെ രണ്ടാം പതിപ്പ്. കളമശ്ശേരി ചാക്കോളാസ് പവലിയനിൽ രണ്ട് ലക്ഷം ച. അടി വിസ്തീർണ്ണത്തിലാണ് കാർഷികോത്സവ നഗരി ഒരുക്കിയത്. 132 സ്റ്റാളുകൾ കാർഷികോൽസവത്തിൽ ഒരുക്കിയിരുന്നു. സജ്ജീകരിച്ചിട്ടുള്ളത്. കളമശ്ശേരി മണ്ഡലത്തിൽ തുടക്കം കുറിച്ച പുതിയ കാർഷിക വിളകളുടെ വിപണന മേള സന്ദർശിക്കാൻ നിരവധി പേരെത്തി. മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തനം തുടങ്ങിയ മൂല്യവർധിതയൂണിറ്റുകളിൽ നിന്നുള്ള ഉൽപന്നങ്ങളും വിറ്റഴിഞ്ഞു. അട്ടപ്പാടി വനസുന്ദരി ചിക്കൻ, രാമശ്ശേരി ഇഡ്ഡലി, കുടുംബശ്രീ വിഭവങ്ങൾ, കൂവ കൂൺ വിഭവങ്ങൾ, ചെറുധാന്യ വിഭവങ്ങൾ എന്നിവ മുതൽ പ്രമുഖ സ്റ്റാർ ക്യൂസീനുകൾ വരെ അണിനിരന്നു. കാർഷികോത്സവ നഗരിയിൽ ഒരുക്കുന്ന ലേലത്തറയിൽ നടന്ന ആട് ലേലത്തിൽ ലഭിച്ച 13000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു. ആട് ലേലത്തിൽ എഴുത്തുകാരൻ ബെന്യാമിനും പങ്കെടുത്തു. കലാപരിപാടികൾ എല്ലാ ദിവസവും അരങ്ങേറി. കൂടുതൽ വിപുലമായ പരിപാടികളോടെ അടുത്ത ഓണത്തിന് കാർഷികോത്സവം മൂന്നാം പതിപ്പ് സംഘടിപ്പിക്കുമെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു.



# രാജഗിരി സ്കൂൾ പി.ടി.എ ബംപർ നറുക്കെടുപ്പ് വിജയി

**കൊച്ചി:** കളമശ്ശേരി കാർഷികോത്സവത്തിൽ പങ്കെടുത്ത് സാധനങ്ങൾ വാങ്ങിയവർക്കായി ഏർപ്പെടുത്തിയ ബംപർ സമ്മാന കൂപ്പൺ നറുക്കെടുപ്പിൽ കളമശ്ശേരി രാജഗിരി ഹയർ സെക്കന്ററി സ്കൂൾ പി.ടി.എ വിജയിയായി. പി.ടി.എ ക്കു വേണ്ടി എൻ.ഗോപകുമാറാണ് നറുക്കെടുപ്പിൽ പങ്കെടുത്തത്. ടിവിഎസിന്റെ ജുപീറ്റർ സ്കൂട്ടർ ആണ് സമ്മാനം. സ്കൂട്ടർ പി.ടി.എ യുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും. കാർഷികോൽസവത്തിൽ നിന്ന് 1000 രൂപയുടെ സാധനങ്ങൾ വാങ്ങിയവരിൽ നിന്നാണ് ബംപർ വിജയിയെ കണ്ടെത്തിയത്. ഷിജി ഷാജുവിനാണ് രണ്ടാം സമ്മാനമായ ടെലിവിഷൻ ലഭിക്കുക. മൂന്നാം സമ്മാനത്തിന് അർജുൻ വി അർഹനായി. മൊബൈൽ ഫോൺ ആണ് സമ്മാനം.കാർഷികോത്സവ സപ്ളിമെന്റ് വായനക്കാരിൽ നിന്ന് നറുക്കെടുപ്പിലൂടെ കെ.എ സ്റ്റിൻസൺ, അരവിന്ദൻ നായർ, ഷാജികരിപ്പായി എന്നിവർ സമ്മാനാർഹരായി.250 രൂപക്ക് ഉൽപന്നങ്ങൾ വാങ്ങുന്നവർക്കായി ഏർപ്പെടുത്തിയ നറുക്കെടുപ്പിലൂടെ 10 പേരെ വിജയികളായി പ്രഖ്യാപിച്ചു.

സിജി ബാബു, വിനോദ്, പോളി, വിനോദ് പി. എസ്, ഹാദി, സിജി ബാബു, സ്വാലിഹ്, സിജി ബാബു, ബി.ഇ പി ബാലൻ, സിജി ബാബു എന്നിവരാണ് വിജയികൾ. വിജയികൾക്ക് മന്ത്രി പി.രാജീവ് സമ്മാനങ്ങൾ വിതരണം ചെയ്തു.

# കേരള ഉൽപന്നങ്ങളുടെ വിൽപനയ്ക്ക് 14 കേന്ദ്രങ്ങൾ തുറക്കും: മന്ത്രി പ്രസാദ്

**റാന്നി:** പെരുനാട് ന്മ കേരള ഉൽപന്നങ്ങൾ വിൽപന നടത്തുന്നതിന് 14 വിപണന കേന്ദ്രങ്ങൾ തുറക്കുമെന്ന് മന്ത്രി പി.പ്രസാദ് പറഞ്ഞു. പെരുനാട് പഞ്ചായത്തും കൃഷിഭവനും ചേർന്നു നടത്തുന്ന ശബരി ഹണി ഇക്കോ ഷോപ്പ്, കാർഷിക കർമസേന ഓഫിസ്, കാർഷിക സെമിനാർ, കാർഷിക മേള എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കർഷകരുടെ കൂട്ടായ്മയാകും വിപണന കേന്ദ്രങ്ങൾ നടത്തുക. കർഷകരെ സഹായിക്കുകയാണ് സർക്കാരിന്റെ കടമ.

കൃഷിയിടവുമായി ബന്ധപ്പെട്ടു വേണം ആസൂത്രണം നടത്താൻ. പ്രാഥമിക കാർഷിക മേഖല മാത്രം നോക്കിയിട്ടു കാര്യമില്ല. മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തണം. മുൻ കാലങ്ങളിൽ രണ്ടാമത്തെ ഘട്ടത്തിനു വലിയ പ്രാധാന്യം കൊടുത്തിരുന്നില്ല. ഇപ്പോൾ അതിനു മുൻഗണന നൽകുകയാണ്. കൃഷി സമൃദ്ധിയിൽ 107 പഞ്ചായത്തുകളെ ഉൾപ്പെടുത്തും.

കാലാവസ്ഥ വ്യതിയാനവും കാട്ടുമൃഗ ശല്യവുമാണ് കാർഷിക മേഖല നേരിടുന്ന പ്രശ്നം. വിളകൾക്കുണ്ടാകുന്ന നാശത്തിന് നഷ്ടപരിഹാരം സമയബന്ധിതമായി നൽകും. കൃഷിയെ ആരോഗ്യവുമായി ബന്ധപ്പെടുത്തണം. ഭക്ഷണമാണ് ആരോഗ്യ പ്രശ്നമുണ്ടാക്കുന്നത്. അടുക്കളയുടെ വലുപ്പം കുറഞ്ഞപ്പോൾ ആശുപത്രികളുടെ വലുപ്പം കൂടി. ആശുപത്രി വർധിക്കുന്നത് നാടിന്റെ പുരോഗതിയല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രമോദ് നാരായൺ എംഎൽഎ അധ്യക്ഷനായി. ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.എസ്.ഗോപി, പി.എസ്.മോഹനൻ, ബ്ലോക്ക് പഞ്ചായത്ത് സ്ഥിരസമിതി അധ്യക്ഷ കോമളം അനിരുദ്ധൻ, സി.എസ്.സുകുമാരൻ, മോഹിനി വിജയൻ, എം.എസ്. ശ്യാം, മീന മേരി മാത്യു, ഷീല സന്തോഷ്, സുരേഷ്കുമാർ, ജോജോ കോവൂർ, ടി.എസ്.ശ്രീതി എന്നിവർ പ്രസംഗിച്ചു.

# കൊക്കോ വില 60 രൂപയിലേക്ക് കൂപ്പുകുത്തി

കർഷകനെ കൊതിപ്പിച്ച് കുതിച്ചുയർന്ന കൊക്കോവില ഉയർന്നപോലെത്തന്നെ കൂപ്പുകുത്തി. കൊക്കോ പച്ചബീൻസ് കിലോയ്ക്ക് 350ൽനിന്ന് 60ലേക്കും ആയിരത്തിനുമുകളിൽ വിലയുണ്ടായിരുന്ന ഉണക്കബീൻസ് 300ലേക്കുമാണ് കൂപ്പുകുത്തിയത്. പ്രധാന കൊക്കോ ഉത്പാദകരാജ്യങ്ങളായ ഐവറി കോസ്റ്റ്, ഘാന, നൈജീരിയ, ഇക്വഡോർ എന്നീ രാജ്യങ്ങളിൽ ഉത്പാദനം കുറഞ്ഞതാണ് ആഭ്യന്തരവിപണിയിൽ ഏതാനും മാസംമുൻപ് വില കുതിച്ചുയരാൻ ഇടയാക്കിയത്. ഈ രാജ്യങ്ങളിൽ ഇപ്പോൾ ഉത്പാദനം ഉയർന്നതാണ് വിലത്തകർച്ചയ്ക്ക് പ്രധാന കാരണം.



സംഭരണ ഏജൻസികൾ സീസണിൽ ഉത്പന്നം വൻതോതിൽ സംഭരിച്ചതും മഴക്കാലത്ത് കൊക്കോ ബീൻസിന്റെ ഗുണനിലവാരക്കുറവും വിലത്തകർച്ചയ്ക്കുള്ള കാരണങ്ങളാണ്. കൊക്കോയുടെ ഉയർന്നവിലയിൽ ഭ്രമിച്ച് കർഷകർ വീണ്ടും കൊക്കോ കൃഷിയിലേക്ക് തിരിഞ്ഞപ്പോഴാണ് വിലത്തകർച്ച തിരിച്ചടിയായത്.

കഴിഞ്ഞ ഏതാനും മാസത്തിനുള്ളിൽ നഴ്സറികളിൽനിന്നു വൻതോതിലാണ് കൊക്കോ തൈകൾ വിറ്റുപോയത്. കോഴിക്കോട്, താമരശ്ശേരി കേന്ദ്രമാക്കിയുള്ള വൻകിട സ്വകാര്യകമ്പനിയുടെ നഴ്സറിയിൽ രണ്ടുലക്ഷം തൈകളാണ് വിറ്റുതീർന്നത്. തൈ ഒന്നിന് പത്തു രൂപയായിരുന്നു വില. കൊക്കോയുടെ ആഗോള ഉപഭോഗം വർധിക്കുന്നതിനാൽ കൊക്കോകൃഷി നഷ്ടക്കച്ചവടമാകില്ലെന്ന് കരുതിയാണ് ഒട്ടേറെപ്പേർ വീണ്ടും അതിലേക്ക് തിരിഞ്ഞത്.

വില കുതിച്ചുയരുകയും കൊക്കോയ്ക്ക് ദൗർലഭ്യം നേരിടുകയും ചെയ്തതോടെ സംഭരണ ഏജൻസികൾ കർഷകരുടെ പക്കൽ നേരിട്ടെത്തി മാർക്കറ്റ് വിലയെക്കാൾ കൂടുതൽ നൽകിയാണ് ഏതാനും മാസങ്ങൾക്കു മുൻപ് കൊക്കോ സംഭരിച്ചത്. കാംകോ, മോണ്ടലിസ് ഇന്ത്യ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി, മലബാർ അഗ്രോ ഇൻഡസ്ട്രീസ് എന്നിവ ഉൾപ്പെടെ പത്തോളം ഏജൻസികളാണ് മലയോരമേഖലയിൽനിന്ന് വ്യാപകമായി കൊക്കോ സംഭരിച്ചത്.

ഉത്പാദനം കുറവായിരുന്നെങ്കിലും സീസണിലെ അധികവില കൊക്കോ കർഷകർക്ക് വലിയനേട്ടമാണ് ഉണ്ടാക്കിക്കൊടുത്തത്. കൊക്കോതോട്ടങ്ങളിൽ മോഷണം തടയാൻ കാവലേർപ്പെടുത്തുകയും കായ തിന്നുനശിപ്പിക്കുകയും ചെയ്യുന്ന മരപ്പട്ടികളുടെയും കുരങ്ങുകളുടെയും ശല്യമൊഴിവാക്കാൻ കർഷകർ പ്രത്യേക കരുതലെടുക്കുകയും ചെയ്തിരുന്നു.

ചോക്ലേറ്റ്, ബേബി ഫുഡ്സ്, ഔഷധങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ എന്നിവയ്ക്ക് കൊക്കോ വലിയതോതിൽ ഉപയോഗിക്കുന്നുണ്ട്. കൊക്കോയുടെ അധികവിലയും ഉത്പാദനത്തിലെ കുറവും കൊക്കോ ഉപയോഗിച്ചുള്ള ഉത്പന്നങ്ങളുടെ വില വർധനയ്ക്കും ഇടയാക്കി. 1980കളിൽ വിലയിടിവിനെത്തുടർന്ന് കൊക്കോ വ്യാപകമായി വെട്ടിമാറ്റിയ മുന്നനുഭവം മലയോരകർഷകർക്കുണ്ട്. ഈ ഭയമുണ്ടെങ്കിലും കൊക്കോയുടെ വർധിച്ച ഉപയോഗവും ഉത്പന്നങ്ങളുടെ വൈവിധ്യവും ഭേദപ്പെട്ട വില നിലനിൽക്കാൻ ഇടയാക്കും എന്നുതന്നെയാണ് കർഷകരുടെ പ്രതീക്ഷ.

# മുളക് കൃഷി ആദായകരം

കേരളത്തിൽ അധികം ഉൽപ്പാദനം ഇല്ലാത്തതും എന്നാൽ വിപണിയിൽ നല്ല ഡിമാന്റുള്ളതുമായ ഒരു പച്ചക്കറി ഇനമാണ് മുളക്. പച്ചമുളകായോ, മുളകു പൊടിയായോ നിത്യേന മുളക് ഉപയോഗിക്കാത്ത മലയാളികൾ ഇല്ലെന്നുതന്നെ പറയാം. അതുകൊണ്ട് തന്നെ വലിയ വിപണി സാധ്യതയുണ്ട്. മുളക് ഇനങ്ങൾ പലതരമുണ്ട്.

**പച്ചമുളക്**

ക്യാപ്സിക്കം ആനം എന്നറിയപ്പെടുന്ന പച്ചമുളക് ഹോട്ട് പെപ്പർ എന്നും അറിയപ്പെടുന്നു. കേരളത്തിൽ പച്ചമുളകിനായി വളർത്തുന്ന ഇവ മറ്റു സംസ്ഥാനങ്ങളിൽ ഉണക്ക (ചുവന്ന) മുളക് ഉണ്ടാക്കുവാനാണ് വിപുലമായി കൃഷി ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷിവകുപ്പിന്റെ ഇടപെടലിൽ കേരളത്തിൽ അടുത്തിടെ ചില്ലി ഗ്രാമം പദ്ധതിപ്രകാരം പച്ചമുളക് കൃഷി ചെയ്യുന്നുണ്ട്.

ഉജ്വല, അനുഗ്രഹ ബാക്ടീരിയൽ വാട്ടത്തിനു പ്രതിരോധശേഷിയുള്ള ഇനങ്ങളാണ്. കേരള കാർഷിക സർവകലാശാല ഉൽപ്പാദിപ്പിച്ച ഇനങ്ങളാണിവ. ഹൈബ്രിഡ് ഇനങ്ങൾ: സർപൻ (കാശ്മീരി മുളകുപൊടിക്ക് പറ്റിയ ഇനം), ആർമർ, സിയറ, റോയൽ ബുള്ളറ്റ്

**കാന്താരി മുളക്**

ക്യാപ്സിക്കം ഫ്രൂട്ടി സെൻസ് എന്നറിയപ്പെടുന്ന ഇവ വീട്ടുവളപ്പിൽ യഥേഷ്ടം വളർത്തിയെടുക്കാവുന്ന ആദായവിള കൂടിയാണ്. രണ്ടുമൂന്ന് വർഷംവരെ വിളവ് തരുന്ന ഇവ ഒരു ഇടവിളയായും കൃഷി ചെയ്യാം. റബർ തോട്ടങ്ങളിൽ ആദ്യവർഷങ്ങളിൽ ഒരു അനുയോജ്യ ഇടവിളയാണ്. അച്ചാർ ഉണ്ടാക്കുന്നതിനും കാന്താരി ഉത്തമം. വിപണിയിൽ 350 രൂപ മുതൽ 650 രൂപവരെ ഇപ്പോൾ വിലയുണ്ട്. ഒരു ചെടിയിൽനിന്നും വർഷം ശരാശരി 2, 2.5 കി. ഗ്രാംവരെ വിളവ് ലഭിക്കും. വലിപ്പം കുറഞ്ഞ പച്ച കാന്താരിക്കാണ് പ്രത്യേക ഗുണമേന്മ.



മഞ്ഞ കലർന്ന വെള്ളനിറമുള്ള കാന്താരി സമൃദ്ധി (കാർഷിക സർവകലാശാല ഇനം) മികച്ചതാണ്. ഇതുകൂടാതെ നീല കാന്താരി, വെള്ളകാന്താരി എന്നിങ്ങനെ പല നിറത്തിലുള്ള അലങ്കാര മുളകിനങ്ങളും ഉണ്ട്. ഇവ യഥാർഥ കാന്താരിയുടെ ഇനങ്ങളല്ല എന്നുമാത്രം.

**ബെൽ പെപ്പർ (മൈസൂർ മുളക്)**

വലിപ്പം കൂടി എരിവു കുറഞ്ഞ ഇനങ്ങളാണിവ. സാലഡിലും മറ്റു കറികളിലും ഉപയോഗിക്കുന്ന ഇവ 'സലാഡ് പപ്രിക' എന്ന പേരിലാണറിയപ്പെടുക. അൽപ്പം തണുത്ത കാലാവസ്ഥയാണിതിനു പ്രിയം. ഇന്ദിര (പച്ചനിറം), ബോംബെ (മഞ്ഞനിറം) എന്നിവ കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഇനങ്ങളാണ്.

ഇവ കൂടാതെ നീളം കുറഞ്ഞ എരിവുള്ള കായ്കൾ ഉള്ള ക്യാപ്സിക്കം ചൈനൻസി വിഭാഗത്തിൽപ്പെട്ട മുളകും വിപുലമായി കർഷകർ കൃഷി ചെയ്യുന്നുണ്ട്. മാലി മുളക് എന്നും ഇവ അറിയപ്പെടുന്നു. കാർഷിക സർവകലാശാലയിൽനിന്നുള്ള വെള്ളായണി തേജസ് ഈ ഇനത്തിൽപ്പെട്ട മുളകാണ്.

വാണിജ്യാടിസ്ഥാനത്തിൽ മുളക് കൃഷി നല്ലൊരു ആദായ മാർഗമാണ്. സ്വന്തമായും ഗ്രൂപ്പ് അടിസ്ഥാനത്തിലും വാണിജ്യാടിസ്ഥാനത്തിൽ മുളക് കൃഷി കേരളത്തിൽ നല്ലൊരു സംരംഭം തന്നെയാണ്. മുളക് വാറ്റിയെടുക്കുന്ന സത്തിനും (ഒളിയോറെസിൻ) കാപ്സിസിൻ എന്ന ആൽക്കലോയ്ഡിനും മികച്ച വിദേശ വിപണിയുണ്ട്. ഇത്തരം മൂല്യവർധിത സംരംഭകത്വങ്ങൾ തുടങ്ങുന്നതിന് കൃഷിവകുപ്പ് ഇപ്പോൾ സഹായവും നൽകുന്നുണ്ട്.

**കൃഷിരീതി**

മെയ്, ആഗസ്ത്, സെപ്തംബർ, ഡിസംബർ ആണ് കൃഷിചെയ്യുന്നതിനുള്ള സമയം. ഒന്നരമാസം പ്രായമായ തൈകൾ പറിച്ചുനട്ടാണ് സാധാരണ മുളക് കൃഷി ചെയ്യുന്നത്. നല്ല നീർവാർച്ചയുള്ള മണ്ണിൽ നിലമൊരുക്കി കുമ്മായം ചേർത്ത് 10 ദിവസം ഇട്ടശേഷം തൈകൾ നടാം. ഒന്നര അടി അകലത്തിൽ എടുത്ത ചാലുകളിലോ മഴക്കാലത്താണെങ്കിൽ വരമ്പുകളിലോ ഇവ നടാം. 45 സെന്റീ മീറ്റർ ആണ് ചെടികളുടെ അകലം വേണ്ടത്. ഒരു സെന്റിലെ കൃഷിക്ക് 650 ഗ്രാം യൂറിയ, 850 ഗ്രാം സൂപ്പർ ഫോസ്ഫേറ്റ്,180 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ രാസവളമായി ആവശ്യമാണ്. ഇതിൽ പകുതിഭാഗം യൂറിയ, പൊട്ടാഷ് എന്നിവയും മുഴുവൻ സൂപ്പർ ഫോസ്ഫേറ്റും തൈകൾ നടുമ്പോഴും ബാക്കിയുള്ള വളം രണ്ടുതവണകളായി തൈകൾ നട്ട് 20 25 ദിവസം കഴിഞ്ഞും, ഒരു മാസം കഴിഞ്ഞും നൽകാം. ജൈവവളമായി പുളിപ്പിച്ച സത്ത് 10 ദിവസത്തിലൊരിക്കൽ ഇലകളിൽ തളിച്ചാൽ പെട്ടെന്ന് കായ്ഫലവും നല്ല വിളവും ലഭിക്കും. നീരൂറ്റി കുടിക്കുന്ന കീടങ്ങൾ കാരണം ഉണ്ടാകുന്ന ഇല ചുരുളലും ഇല കുരുടിപ്പുമാണ് മുളകിലെ പ്രധാന പ്രശ്നം. സംയോജിത കീട നിയന്ത്രണ മാർഗങ്ങൾ ഇതിനെതിരെ അവലംബിച്ചാൽ പൂർണ നിയന്ത്രണം സാധ്യമാകും. വേപ്പധിഷ്ഠിത കീടനാശിനികൾ, വെർട്ടിസീലിയം എന്നിവ പ്രതിരോധ മാർഗമെന്നനിലയിൽ ചെറുപ്രായത്തിൽ തന്നെ ആഴ്ചയിലൊരിക്കൽ മാറിമാറി ഉപയോഗിക്കേണ്ടതാണ്.

## വെജിറ്റബിൾ ഓയിൽ ഇറക്കുമതി നികുതി ഉയർത്തിയേക്കും

2022ലാണ് ഇന്ത്യ വില കുറയ്ക്കുന്നതിനായി ക്രൂഡ് വെജിറ്റബിൾ ഓയിലുകളുടെ അടിസ്ഥാന ഇറക്കുമതി നികുതി നിർത്തലാക്കിയത്.

നികുതി വർധിപ്പിക്കുന്നത് എണ്ണക്കുരു വിലയിലെ ഇടിവ് തടയുമെന്ന് കർഷകർ

രാജ്യത്ത് സോയാബീൻ വില നിശ്ചയിക്കപ്പെട്ട താങ്ങുവിലയേക്കാൾ താഴെയാണ്.

സസ്യ എണ്ണകളുടെ ഇറക്കുമതി നികുതി സർക്കാർ ഉയർത്തിയേക്കും. എണ്ണക്കുരുക്കളുടെ കുറഞ്ഞ വില കാരണം വലയുന്ന കർഷകരെ സംരക്ഷിക്കാനുള്ള നടപടിയുടെ ഭാഗമാണിത്. നികുതി ഉയർത്തുന്ന പ്രഖ്യാപനം വരും ആഴ്ചകളിൽ ഉണ്ടായേക്കും. ഇത് പാമോയിൽ, സോയോയിൽ, സൂര്യകാന്തി എണ്ണ എന്നിവയുടെ വിദേശ വാങ്ങലുകൾ കുറയ്ക്കുമെന്നാണ് വിലയിരുത്തൽ.

'കർഷകരെ സഹായിക്കുന്നതിനുള്ള എല്ലാ ഓപ്ഷനുകളും സർക്കാർപര്യവേക്ഷണം ചെയ്യുകയാണ്. ഇറക്കുമതി നികുതി വർധിപ്പിക്കുന്നത് ഒരു ഓപ്ഷനാണ്', സർക്കാർ വൃത്തങ്ങൾ പറയുന്നു. കാർഷിക മന്ത്രാലയം ഒരു നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ധനമന്ത്രാലയത്തിന് കീഴിലുള്ള റവന്യൂ വകുപ്പാണ് അന്തിമ തീരുമാനമെടുക്കുകയെന്നും ഉദ്യോഗസ്ഥർ പറയുന്നു.

2022ൽ, ലോകത്തിലെ ഏറ്റവും വലിയ സസ്യ എണ്ണ ഇറക്കുമതിക്കാരായ ഇന്ത്യ, വില കുറയ്ക്കുന്നതിനായി ക്രൂഡ് വെജിറ്റബിൾ ഓയിലുകളുടെ അടിസ്ഥാന ഇറക്കുമതി നികുതി നിർത്തലാക്കിയിരുന്നു. അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റ് സെസ് എന്നറിയപ്പെടുന്ന 5.5 ശതമാനം നികുതിയാണ് രാജ്യം ഇപ്പോൾ ഈടാക്കുന്നത്.

# പുതിയ ജിയോഫോൺ പ്രൈമ 2 അവതരിപ്പിച്ച് റിലയൻസ് ജിയോ

**കൊച്ചി:** ജിയോഫോൺ പ്രൈമ 2 അവതരിപ്പിച്ച് ജിയോ. കർവ്ഡ് ഡിസൈനോട് കൂടിയാണ് പ്രൈമ 2 എത്തുന്നത്.ലെതർ ഫിനിഷാണ് ഫോണിന്റെ എക്സ്റ്റീരിയർ പ്രൊഫൈലിന്റെ മറ്റൊരു പ്രത്യേകത. നേറ്റീവ് വീഡിയോ കോളിംഗ് ഉൾപ്പടെയുള്ള സംവിധാനങ്ങളോട് കൂടിയാണ് ഫോൺ എത്തുന്നത്. പ്രത്യേക ആപ്ലിക്കേഷനുകളുടെ ആവശ്യമില്ലാതെ തന്നെ മുഖാമുഖം ബന്ധിപ്പിക്കാൻ ഉപയോക്താക്കളെ അനുവദിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ഈ നൂതന സാങ്കേതിക സവിശേഷത തടസ്സമില്ലാത്ത ആശയവിനിമയം ഉറപ്പാക്കുന്നു.ജനകീയ ആപ്പുകളായ യൂട്യൂബ്, ഫെയ്സ്ബുക്ക്, ഗൂഗിൾ വോയിസ് അസിസ്റ്റന്റ് തുടങ്ങിയ ആപ്പുകളെ പിന്തുണയ്ക്കുന്നതാണ് പുതിയ മോഡൽ. ജിയോ ടിവി, ജിയോസാവൻ, ജിയോന്യൂസ്, ജിയോസിനിമ തുടങ്ങിയ ജിയോ ആപ്പുകളും ഫോണിൽ ലഭ്യമാക്കുന്നു. കൂടാതെ ജിയോപേയിലൂടെ എല്ലാവിധ യുപിഐ പേമെന്റുകൾ നടത്താനുള്ള സംവിധാനവുമുണ്ട്. പ്രത്യേക ജിയോചാറ്റ് സൗകര്യം ഗ്രൂപ്പ് ചാറ്റ്, വോയ്സ് സന്ദേശങ്ങൾ, ഫോട്ടോ, വീഡിയോ പങ്കിടൽ എന്നിവ മികച്ച രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നു. ഉപയോക്താക്കൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന വിവിധ ആപ്പുകൾ ഹോസ്റ്റുചെയ്യുന്ന ജിയോസ്റ്റോറിനൊപ്പമാണ് ജിയോഫോൺ പ്രൈമ 2 ഉപഭോക്താക്കളിലെക്കെത്തുന്നത്.



മൃദുലമായ പുഷ് ബട്ടണുകളുള്ള ടകൈൽ കീപാഡ്, മൈക്രോഫോൺ ഐക്കണുള്ള ഒരു വലിയ നാവിഗേഷൻ കീ ഹോസ്റ്റുചെയ്യുന്നു, ഇത് ഗൂഗിൾ വോയ്സ് അസിസ്റ്റന്റിലേക്ക് എളുപ്പത്തിൽ ആക്സസ്സ് സാധ്യമാക്കുന്നു.

ഗമശഛരട ഓപ്പറേറ്റിങ് സോഫ്റ്റ് വെയറിലാണ് ജിയോഫോൺ പ്രൈമ 2 4ജി പ്രവർത്തിക്കുന്നത്. ക്വാൽകോം കോർ പ്രൊസസർ ഫോണിന് കൂടുതൽ ശക്തി നൽകുന്നു. 512 എംബി റാമും 4ജിബി ഇന്റേണൽ മെമ്മറിയും ഫോണിനുണ്ട്. 128 ജിബി വരെ എക്സ്റ്റേണൽ മെമ്മറി കാർഡും സപ്പോർട്ട് ചെയ്യും. 2.4 ഇഞ്ച് എൽസി സ്ക്രീനും 2000 എംഎഎച്ച് ബാറ്ററിയുമാണ് ഫോണിന്റേത്. 2700 രൂപ വിലയുള്ള ജിയോ ഫോൺ പ്രൈമ2 ഫീച്ചർ ഫോൺ വിഭാഗത്തിലെ പതാകവാഹക ബ്രാൻഡായി നില കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.

# ഓണാഘോഷം: ക്യാമ്പയിനുമായി ഡിഷ് ടിവി

**കൊച്ചി:** ഡിടിഎച്ച് സേവന ദാതാക്കളായ ഡിഷ് ടിവി 'ഓണം; ഒത്തൊരുമയുടെ ആഘോഷം' ക്യാമ്പയിൻ അവതരിപ്പിച്ചു. ലോകമെമ്പാടുമുള്ള മലയാളികൾ ഒരേ മനസോടെ ആഘോഷിക്കുന്ന ഓണത്തിന്, ഉപഭോക്താക്കൾക്ക് ആകർഷകങ്ങളായ പാക്കേജുകളാണ് ഡിഷ് ടിവി നൽകുന്നതെന്ന് ഡിഷ് ടിവിയുടെ കോർപ്പറേറ്റ്, മാർക്കറ്റിംഗ് തലവൻ സുഖ്പ്രീത് സിംഗ് പറഞ്ഞു.നിലവിലുള്ള വരിക്കാർക്ക് പുറമെ, പുതിയ ഉപഭോക്താക്കൾക്കും അനുയോജ്യമായ ഓഫറുകൾ ലഭിക്കും. 1999, 2500 രൂപയ്ക്ക് വരിക്കാരാകുന്ന ഉപഭോക്താക്കൾക്ക് 5000 രൂപ ക്യാഷ് ബാക്ക് ഓഫറിനു പുറമെ ആറോളം ഒടിടി പ്ലാറ്റുഫോമുകൾ സൗജന്യമായി ലഭിക്കും. 1999 രൂപയുടെ പാക്കേജിന് 5 വർഷവും 2500 രൂപയുടെ പാക്കേജിന് 3 വർഷവുമാണ് വാറന്റി ലഭിക്കുക. 200 രൂപ മുതൽ റീചാർജ് ചെയ്യുന്ന ഉപഭോക്താക്കൾക്ക്, അധിക തുക നൽകാതെ ആറ് ഒടിടി പ്ലാറ്റുഫോമുകൾ ആസ്വദിക്കാമെന്നും സുഖ്പ്രീത് സിംഗ് പറഞ്ഞു.

# റീഗ്രീൻ,എക്സൽ ഇപിസി ഇന്ത്യ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എഥനോൾ പ്ലാന്റ് നിർമാതാക്കളും വിതരണക്കാരുമായ റീഗ്രീൻ, എക്സൽ ഇപിസി ഇന്ത്യ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 350 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെ 11,450,380 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# എക്സ്ക്ലൂസീവ് വസ്ത്രശേഖരവുമായി ഫാബ്ഇന്ത്യ

**കൊച്ചി:**എക്സ്ക്ലൂസീവ് വസ്ത്രശേഖരവുമായി ഫാബ്ഇന്ത്യ. കുർത്തകൾ, സാരികൾ, വ്യത്യസ്തങ്ങളായ ആഭരണങ്ങൾ എന്നിവയാണ് ഫാബ്ഇന്ത്യ ഇക്കൊല്ലം വിപണിയിലെത്തിച്ചിരിക്കുന്നത്.പരമ്പരാഗതവും മോഡേണുമായ വസ്ത്രങ്ങളാണ് പുരുഷന്മാർക്കായി ഒരുക്കിയിരിക്കുന്നത്. സ്ത്രീകൾക്കായി അതിശയിപ്പിക്കുന്ന സാരികളുടെയും പരമ്പരാഗത വസ്ത്രങ്ങളുടെയും വലിയൊരു നിര തന്നെ ഈ ഓണത്തിന് ഫാബ്ഇന്ത്യ ഒരുക്കിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മനോഹരമായ ബ്ലൗസുകൾ, ദുപ്പട്ട, സൽവാർ സെറ്റ്സ് എന്നിവയും ഒരുക്കിയിട്ടുണ്ട്. ആൺകുട്ടികൾക്കായി ദോത്തിയും കുർത്തയും പെൺകുട്ടികൾക്ക് ലെഹങ്ക, അനാർക്കലി സെറ്റുകളും ഫാബ്ഇന്ത്യയിൽ നിന്ന് തെരഞ്ഞെടുക്കാം. ഹോം ഡെക്കോർ ഓഫറുകളും ഫാബ് ഇന്ത്യ വാഗ്ദാനം ചെയ്യുന്നു. കുഷ്യനുകൾ, വിവിധ നിറങ്ങളിലുള്ള ടേബിൾ റണ്ണറുകൾ, പിച്ചള വിളക്കുകൾ തുടങ്ങിയവ ഈ ഓണക്കാലത്ത് ഫാബ് ഇന്ത്യയിൽ നിന്നും സ്വന്തമാക്കാം.

fabindia
CELEBRATE INDIA

ഓണത്തിന് വസ്ത്രങ്ങൾക്ക് മാത്രമല്ല ചർമ്മസംരക്ഷണത്തിന് പ്രധാന്യം നൽകുന്ന ഉൽപന്നങ്ങളും ഫാബ്ഇന്ത്യ ഇത്തവണ പുറത്തിറക്കിയിട്ടുണ്ട്. ഏറ്റവും പുതിയ കളക്ഷനുകൾ എല്ലാം ഫാബ്ഇന്ത്യ സ്റ്റോറുകളിലും ഓൺലൈനിലും www.fab-india.com ലഭ്യമാണ്.

# സംരംഭകർക്ക് ഗ്രോത്ത് പൾസ് പരിശീലനം

**തിരുവനന്തപുരം:** പ്രവർത്തന കാര്യക്ഷമത നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) അഞ്ച് ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 24 മുതൽ 28 വരെ കളമശ്ശേരിയിലെ കീഡ് കാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവൃത്തി പരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 3,540 രൂപയാണ് അഞ്ചുദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് ഫീസ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1000 രൂപ താമസം കൂടാതെയുമാണ് ഫീസ്. താത്പര്യമുള്ളവർ www.kied.infot/raining-calender/ ൽ ഓൺലൈനായി 20ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04842532890, 2550322, 9188922785.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663